# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം1)1885/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോതമംഗലം മുനിസിപ്പാലിറ്റി

സർ,

വിഷയം : കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. എറണാകുളം റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം1)1885/2022 തീയ്യതി: 06/12/2022

## എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 14-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
സജീവ് എൻ. എം., അസി .ഓഡിറ്റ് ഓഫീസർ
ഷൈബി ഇ. ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബബിത ബി. കുമാർ, സീനി. ഗ്രേ.ഓഡിറ്റർ
വൃന്ദ സി. എസ്., സീനി. ഗ്രേ. ഓഡിറ്റർ
സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ ടോമി എബ്രഹാം | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ അ**ൻ**സ**ൽ** ഐസക് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ബോബി ഈപ്പ**ൻ** | മുനിസിപ്പ**ൽ** എഞ്ചിനിയ**ർ** | 01-04-2021 | 31-03-2022 |
| ശ്രീ എ**ൽ**ദോസ് പോ**ൾ** | അസിസ്റ്റന്റ് എഞ്ചിനിയ**ർ** | 01-04-2021 | 31-03-2022 |
| ശ്രീ രാജീവ**ൻ** ഐ വി | പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2021 | 31-03-2022 |
| ഡോ സജി ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ അഞ്ജലി എൻ യു | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീ.റമീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹുമൈബാൻ ടി ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി മുംതാസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീ സുകുമാരൻ | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ(ചാ**ർ**ജ്) | 01-04-2021 | 31-01-2022 |
| ശ്രീ സാജു ഇ പി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ(ചാ**ർ**ജ്) | 01-02-2022 | 31-03-2022 |
| ശ്രീ വിജയപ്രകാശ് എസ് | ഹെ**ൽ**ത്ത് സൂപ്പ**ർ**വൈസ**ർ** | 01-04-2021 | 25-06-2021 |
| ശ്രീ മീരാൻ കുഞ്ഞ് | ഹെ**ൽ**ത്ത് സൂപ്പ**ർ**വൈസ**ർ**(In-charge) | 26-06-2021 | 29-06-2021 |
| ശ്രീ ജോ ഐ | ഹെ**ൽ**ത്ത് സൂപ്പ**ർ**വൈസ**ർ** | 30-06-2021 | 29-08-2021 |

| | | | |
|---|---|---|---|
| ശ്രീ ഷാജി ഒ എം | ഹെൽത്ത് സൂപ്പർവൈസർ(In-charge) | 30-08-2021 | 31-03-2022 |
| ഡോ.മെർലി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാ**ർ**ഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതിക**ൾ** | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തെറ്റായ നികുതി നി**ർ**ണ്ണയം മൂലം വസ്തുനികുതിയി**ൽ** 1571/- രൂപ നഷ്ടം | 1-11 |
| 13 | സ്വാശ്രയ കോളേജുകളുടേയും സി.ബി.എസ്.ഇ സ്കൂളുകളുടേയും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11-1 |
| 14 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതികുടിശ്ശിക ഈടാക്കൽ -തുടർ നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-11-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല | 1-11-3 |
| 16 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-11-4 |
| 17 | ഫോം വിതരണത്തിലെ അപാകതകൾ | 1-12 |
| 18 | രസീതുബുക്ക് ഭാഗികമായി ഉപയോഗിച്ചിരിക്കുന്നു | 1-13 |
| 19 | തൊഴി**ൽ** നികുതി ഈടാക്കുന്നതിലെ അപാകതക**ൾ** | 1-14 |
| 20 | ബസ് സ്റ്റാന്റ് കംഫ**ർ**ട്ട് സ്റ്റേഷ**ൻ** ലേലം നടത്തുന്നില്ല | 1-15 |
| 21 | ലൈസ**ൻ**സ് പുതുക്കാത്ത പാരാമെഡിക്ക**ൽ** സ്ഥാപനങ്ങ**ൾ** | 1-16 |
| 22 | ട്യൂട്ടോറിയ**ൽ** സ്ഥാപനങ്ങളുടെ രജിസ്റ്റ**ർ** പൂ**ർ**ണ്ണമല്ല | 1-17 |
| 23 | ലൈസ**ൻ**സ് ഫീസ് ഈടാക്കുന്നതി**ൽ** അപാകതക**ൾ** | 1-18 |
| 24 | ലൈസ**ൻ**സ് ഇല്ലാതെ കമ്പനി പ്രവ**ർ**ത്തിക്കുന്നു | 1-18-1 |
| 25 | പെ**ർ**മിറ്റില്ലാതെ പണിത കെട്ടിടങ്ങ**ൾ** ക്രമവ**ൽ**ക്കരിച്ചില്ല | 1-19 |
| 26 | അനധികൃത മൊബൈ**ൽ** ടവറിന്റെ നി**ർ**മ്മാണം ക്രമവ**ൽ**ക്കരിച്ചിട്ടില്ല | 1-19-1 |
| 27 | ഭൂ ആസ്തികളുടെ സംരക്ഷണം - അപാകതകൾ | 1-20 |
| 28 | സ്ഥലം ലഭ്യമായില്ല - എം.സി.എഫ്. നിർമ്മാണം തുടങ്ങുന്നതിന് | 1-21 |

| | | |
|---|---|---|
| | സാധിച്ചിട്ടില്ല. | |
| 29 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അപാകതകൾ | 1-22 |
| 30 | വെള്ളക്കരം കുടിശിക നിലനിൽക്കുന്നു. | 1-23 |
| 31 | സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചില്ല. | 1-24 |
| 32 | ലൈബ്രറി സെസ്സ് ഒടുക്കുന്നില്ല. | 1-25 |
| 33 | മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു. | 1-26 |
| 34 | മരുന്ന് ലഭ്യമാക്കിയില്ല | 1-26-1 |
| 35 | അനുപൂരക പോഷകാഹാരം - ഗുണനിലവാരം ഉറപ്പാക്കിയില്ല. | 1-27 |
| 36 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - വിതരണം പൂർത്തിയാക്കിയില്ല | 1-28 |
| 37 | അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-29 |
| 38 | ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ തുക നല്കിയില്ല | 1-30 |
| 39 | നഗരസഭാ പെൻഷൻ ഫണ്ട് | 1-31 |
| 40 | പാഴ് വസ്തു സംഭരണ കേന്ദ്രം - സുരക്ഷാക്രമീകരണം ഉറപ്പുവരുത്തേണ്ടതാണ് | 1-32 |
| 41 | വീട് വാസയോഗ്യമാക്കൽ - എഞ്ചിനിയർ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-33 |
| 42 | പി.എം.എ.വൈ. - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 43 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിയതിലെ അപാകത | 1-35 |
| 44 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പൂർത്തിയാക്കി അറിയിക്കേണ്ടതാണ് | 1-36 |
| 45 | വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റ് പദ്ധതി - നടപ്പാക്കിയതിലെ അപാകത | 1-37 |
| 46 | വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിൻ പദ്ധതി - അപാകതകൾ | 1-38 |
| 47 | ഡംപിംഗ് യാർഡ് നിർമ്മാണത്തിന് ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ | 1-39 |
| 48 | തങ്കളം ബസ്സ്റ്റാന്റ് -വിസ്തൃതി വർദ്ധിപ്പിക്കൽ | 1-40 |
| 49 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-41 |
| 50 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ. | 1-42 |
| 51 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു. | 1-43 |
| | ഭാഗം **2** | |
| 1 | തെറ്റായ നികുതി നിർണ്ണയം മൂലം വസ്തുനികുതിയിൽ 1571/- രൂപ നഷ്ടം | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കോതമംഗലം നഗരസഭയുടെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 15.2.2021 തീയതിയിലെ 1(1) തീരുമാന പ്രകാരം ബജറ്റിന് അംഗീകാരം നൽകുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 44,40,500.00 | 5,29,39,848.40 | -48499348.40 |
| വരവ് | 60,01,77,200.00 | 27,74,97,849.00 | -322679351.00 |
| ആകെ | 60,46,17,700.00 | 33,04,37,697.40 | -274180003.40 |
| ചെലവ് | 60,10,68,900.00 | 27,98,00,729.00 | 321268171.00 |
| നീക്കിയിരുപ്പ് | 3548800 | 50636968.40 | -47088168.40 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി താരതമ്യം നടത്തിയതിൽ നിന്നും തൻവർഷം ലഭിച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, ക്ഷേമപെൻഷൻ തുകകൾ എന്നിവ പരിഗണിച്ചാൽ പോലും ബജറ്റ് യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല (ക്ഷേമപെൻഷൻ തുക 7,90,28,100/- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തുക 75,53,713/- ആകെ - 8,65,81,813/-) ബജറ്റ് യാഥാർത്ഥ്യവുമായി കൂടുതൽ പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.06.2022 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) RP -41 ൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് തുകയായി തൻവർഷം 29,79,200 /-രൂപ ചെലവഴിച്ചെങ്കിലും 25,74,200/- രൂപയാണ് ചേർത്തിട്ടുള്ളത്. ഈ തുക പിന്നീട് ജേർണൽ മുഖേന ക്രമീകരിച്ചതായി വ്യക്തമാക്കി.

2) അയ്യങ്കാളി തൊഴിലുറപ്പ് വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,29,39,848.40 |
| ഓഡിറ്റ് വർഷത്തെ വരവ് | 27,74,97,849.00 |
| ആകെ | 33,04,37,697.40 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 27,98,00,729.00 |
| നീക്കിയിരിപ്പ് | 5,06,36,968.40 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,571.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --------------- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,84,708.00 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 30967337 | 30967337 | 30957977 | | 9360 |
| വികസനഫണ്ട് -SCP | 0 | 11156266 | 11156266 | 9863936 | | 1292330 |
| വികസനഫണ്ട് -TSP | 0 | 0 | 0 | 0 | | 0 |
| വികസനഫണ്ട്-CFC | 0 | 2159705 | 2159705 | 1996607 | | 163098 |
| CFC -Performance Grant | 0 | 21045942 | 21045942 | 10876579 | | 10169363 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 35002014 | 35002014 | 33864272 | | 1137742 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 16223617 | 16223617 | 6755432 | | 9468185 |
| CFC -Basic (Bank) | 0 | 22363645 | 22363645 | 21869023 | 494622 | |
| CFC-Tied (Bank) | 0 | 17925000 | 17925000 | 10114103 | 7810897 | |
| ദുരിതാശ്വാസനിധി 311110100 | 1100 | 0 | 1100 | 0 | 1100 | |
| പ്രത്യേക ഗ്രാന്റുകൾ 320200106 | 1152538 | 0 | 1152538 | 98790 | 1053748 | |
| കേന്ദ്ര ഗ്രാന്റുകൾ 320100100 | 3651215 | 1972861 | 5624076 | 3915085 | 1708991 | |
| Pandemic/epidemic Control 320200110 | 13742 | 500000 | 513742 | 505584 | 8158 | |
| മറ്റ് സർക്കാർ ഏജൻസികൾ 320300100 | 6381483 | 418941 | 6800424 | 0 | 6800424 | |
| Donations To Pandemic/epidemic Control 320809700 | 0 | 860725 | 860725 | 204846 | 655879 | |

1) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ 1357800/- രൂപയും ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ 4960000/- രൂപയും വികസനഫണ്ട് (ജനറൽ)-ൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്(ആകെ 63,17,800/- രൂപ).

2) ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ 586667 /- രൂപ വികസനഫണ്ട്(SCP)-യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

3) CFC Grant ഇനത്തിൽ ACR പ്രകാരമുള്ള വരവ് 2,43,13,568/- രൂപ ആണ്. ഇതിൽ2,21,53,863/- രൂപ ബാങ്കിൽ നിക്ഷേപിച്ചു. ഇതിന്റെ പലിശയിനത്തിൽ ലഭിച്ച 2,09,782/- രൂപ ഉൾപ്പെടെയാണ് ബാങ്കിലെ വരവായി കാണിച്ചിരിക്കുന്നത്.

4) CFC-Performance Grant ഇനത്തിൽ ACR പ്രകാരമുള്ള വരവ് 3,89,70,942/- രൂപയാണ്. ഇതിൽ 1,79,25,000/- രൂപ ബാങ്കിൽ നിക്ഷേപിച്ചു.

5) CFC ഗ്രാന്റ് നിക്ഷേപിക്കുന്ന Catholic Syrian Bank ൽ Basic ഗ്രാന്റിലെ 4,94,622/- രൂപയും (പലിശ ഉൾപ്പെടെ) Tied ഗ്രാന്റിലെ 78,10,897/-രൂപയും കൂടി 83,05,519/- രൂപയാണ് 31.03.22 ലെ നീക്കിയിരിപ്പ്.

6) പ്രത്യേക ഗ്രാന്റിൽ ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെ പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| RMSA (Rashtriya Madhyamik Shiksha Abhiyan) | 902538 | 0 | 902538 | 0 | 902538 |
| CSR | 250000 | 0 | 250000 | 98790 | 151210 |
| ആകെ | 1152538 | 0 | 1152538 | 98790 | 1053748 |

7) കേന്ദ്രഗ്രാന്റിൽ ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെപ്പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| NULM | 284981 | 552622 | 837603 | 837603 | 0 |
| SNP വിഹിതം | 148899 | 1110239 | 1259138 | 1241578 | 17560 |
| Swachh Bharath | 2907335 | 0 | 2907335 | 1525904 | 1381431 |
| Pre Monnsoon | 310000 | 310000 | 620000 | 310000 | 310000 |
| ആകെ | 3651215 | 1972861 | 5624076 | 3915085 | 1708991 |

8) മറ്റ് സർക്കാർ ഏജൻസികൾ എന്ന ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാന്റുകളുടെ വിനിയോഗം താഴെ പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഖരമാലിന്യസംസ്കരണം | 6056218 | 418941 | 6475159 | 0 | 6475159 |

| | | | | | |
|---|---|---|---|---|---|
| RMSA – ടോയ്‌ലെറ്റ് | 325265 | 0 | 325265 | 0 | 325265 |
| ആകെ | 6381483 | 418941 | 6800424 | 0 | 6800424 |

ഖരമാലിന്യ സംസ്കരണം, RMSA – Fund (Toilet) എന്നിവകൾക്കായി പദ്ധതികൾ തയ്യാറാക്കി തുക യഥോചിതമായി വിനിയോഗം നടത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 255 | 18,89,43,174 | 181 | 13,47,48,974 | 64 | 10 | 70.98 |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5,99,755 | 75,53,713 | 81,53,468 | 4,76,694 | |
| ഗുണഭോക്താക്കൾക്ക് നൽകിയത്(കൂലിച്ചെലവ്) | - | - | - | 75,76,034 | |
| പലിശ | - | - | - | - | |
| ആകെ | 5,99,755 | 75,53,713 | 81,53,468 | 80,52,728 | 1,00,740 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൾക്കായുള്ള വരവ്-ചെലവ് തുകകൾ AFS-ൽ ഉൾപ്പെടുത്താത്തതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | - |
| കർഷകത്തൊഴിലാളി പെൻഷൻ | 35,60,800 | 219 |
| വിധവാപെൻഷൻ | 2,22,61,600 | 1464 |
| വാർദ്ധക്യകാല പെൻഷൻ | 4,58,87,900 | 3341 |
| വികലാംഗ പെൻഷൻ | 61,34,600 | 406 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 11,53,200 | 73 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2022 തീയതിയിൽ ഉച്ചയ്ക്ക് 3.15ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,71,472/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ് :-

1) ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലും വസ്തുനികുതി സംബന്ധിച്ച് ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങളുടെ കൃത്യത പരിശോധിച്ചുറപ്പാക്കുവാൻ സാധിക്കുന്നില്ല.
2) സ്ഥലം വാങ്ങലുകൾ മിക്കതും പോക്കുവരവുകൾ യഥാസമയം നടത്തി നഗരസഭ ആസ്തിയായി മാറ്റാത്തതിനാൽ നിശ്ചയിച്ച തുകയിലും കൂടുതൽ തുക നഗരസഭാ ഫണ്ടിൽ നിന്നും നൽകേണ്ടി വരുന്നു.
3) പി.എം.എ.വൈ. ഉൾപ്പെടെ വിവിധ പദ്ധതികളുടെ ആനുകൂല്യം നൽകുമ്പോൾ തുക ഗുണഭോക്താവിന് ലഭ്യമായെന്ന് ഉറപ്പ് വരുത്തുന്നതിന് UTR സ്റ്റേറ്റ്മെന്റോ മറ്റ് രേഖകളോ ഫയലിൽ സൂക്ഷിക്കാത്തതിനാൽ, തുക ക്രെഡിറ്റായതിന്റെ ആധികാരികത ഉറപ്പ് വരുത്താൻ ബുദ്ധിമുട്ടാണ്.

4) നഗരസഭയുടെ തനത് വരുമാനം തുലോം കുറവായതിനാൽ വിവിധ പ്രോജക്ടുകൾക്കും സ്ഥലം വാങ്ങലുകൾകൾക്കുള്ള അധിക തുക നല്കുന്നതിനും മറ്റും തനത് വരുമാനം മാറ്റിവയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും നഗരസഭയിലുള്ള വിവിധ വരുമാന സ്രോതസ്സുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതുമാണ് (ഖണ്ഡിക 1-39, 1-40 എന്നിവയിൽ വിശദ വിവരം ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധിച്ചാലും).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2016 മുതൽ 30.07.2016 വരെ | 2013-14 2nd Half മുതൽ 2014-15 1st Half വരെ | 14.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2019 മുതൽ 20.09.2019 വരെ | 2017-18 മുതൽ 2018-19 വരെ | 29.10.2019 |

## 1-11 തെറ്റായ നികുതി നിർണ്ണയം മൂലം വസ്തുനികുതിയിൽ 1571/- രൂപ നഷ്ടം

നഗരസഭയിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ സർവ്വേ നം. 551/16 ഉൾപ്പെടുന്ന മത്തായി & അമ്മിണി എന്നിവരുടെ 28.57 M2 വിസ്തൃതിയുള്ള 1/38(B) എന്ന വാണിജ്യാവശ്യത്തിനുള്ള സോഡാമെയ്ക്കിംഗ് യൂണിറ്റിന് ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനു പകരം പകരം 15/- രൂപ നിരക്കിൽ 429/- രൂപയാണ് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയത്. തൻമൂലം 1571/- രൂപ വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക നമ്പർ 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-11-1 സ്വാശ്രയ കോളേജുകളുടേയും സി.ബി.എസ്.ഇ സ്കൂളുകളുടേയും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഫയൽ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഭീമമായ കുടിശ്ശിക തുക വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാനുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/വാർഡ് നം./ കെട്ടിട നം. | ഈടാക്കാത്ത കാലയളവ് / നികുതി കുടിശ്ശിക തുക (ഡിമാന്റ് നോട്ടീസ് പ്രകാരം) |
|---|---|---|
| 1 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/100 | 2017-18 മുതൽ 2020-21 വരെ 76199/- |
| 2 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ /16/101 | 2019-20 മുതൽ 2020-21 വരെ 20336/- |
| 3 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ /16/102 | 2019-20 മുതൽ 2020-21 വരെ 51924/- |
| 4 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ /16/102A | 2019-20 മുതൽ 2020-21 വരെ 33476/- |
| 5 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/103 | വിവരം ലഭ്യമായിട്ടില്ല. |
| 6 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/103A | 2019-20 മുതൽ 2020-21 വരെ 9452/- |
| 7 | ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 16/104 | 2017-18 മുതൽ 2020-21 വരെ 42278/- |
| 8 | കാനേഡിയൻ സ്കൂൾ, കാരക്കുന്നം /22/183 | 2013-14 മുതൽ 2020-21 വരെ 92715/- |
| 9 | കാനേഡിയൻ സ്കൂൾ, കാരക്കുന്നം 22/183A | 2013-14 മുതൽ 2020-21 വരെ 94648/- |
| 10 | സെന്റ് സ്റ്റീഫൻ ബസാനിയ സ്കൂൾ /ചേലാട് /5/123 | 2013-14 മുതൽ 20-21 വരെ – 474154/- |
| 11 | എം.എ കോളേജ് അസോസിയേഷൻ /19/679 | 2013-14 മുതൽ 20-21 വരെ -113000/- |
| 12 | എം.എ കോളേജ്/19/681 | 2013-14 മുതൽ 2020-21 വരെ 19296/- |
| 13 | എം.എ കോളേജ് അസോസിയേഷൻ/19/683 | 2013-14 മുതൽ 2020-21 വരെ 2138/- |
| 14 | എം.എ കോളേജ് അസോസിയേഷൻ /19/686A | 2013-14 മുതൽ 2020-21 വരെ 158429/- |
| 15 | എം.എ കോളേജ് അസോസിയേഷൻ/19/686B | 2012-13മുതൽ 2020-21 വരെ 385276/- |
| 16 | എം.എ കോളേജ്/19/686C | 2013-14 മുതൽ 2020-21 വരെ 349649/- |
| 17 | എം.എ കോളേജ് അസോസിയേഷൻ19/686D | 2013-14 മുതൽ 2020-21 വരെ 28480/- |
| 18 | എം.എ കോളേജ്/19/734 | 2016-17 മുതൽ 2020-21 വരെ 337/- |
| 19 | എം.എ എഞ്ചിനീയറിംഗ് കോളേജ്/19/751 | 2018-19 മുതൽ 2020-21 വരെ 1863/- |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനും മേൽ കെട്ടിടങ്ങളിൽ ക്രമ നം 8,9,10 എന്നിവയിൽ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ 4.4.2017 ലെ WP(C) NO.36533/2016 ാം നമ്പർ ഇടക്കാല ഉത്തരവ് സ്റ്റേ നിലനിൽക്കുന്നതിനാൽ കേസിന്റെ

തുടർനടപടി വിവരങ്ങൾ അറിയിക്കുവാനം 2020-21 സാമ്പത്തിക വർഷത്തെ ഓഡിററ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കുവാനം മേൽ കെട്ടിടങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/20.10.2022) മറുപടി ലഭ്യമായിട്ടില്ല. കേസ് നിലനിൽക്കുന്ന കെട്ടിടങ്ങളുടെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതും ബാക്കി കെട്ടിടങ്ങളുടെ വസ്തു നികുതി യിനത്തിലെ കുടിശ്ശിക തുകകൾ 2021-22 സാമ്പത്തിക വർഷത്തെ നികുതി ഉൾപ്പെടെ ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-11-2 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതികുടിശ്ശിക ഈടാക്കൽ -തുടർ നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല

വസ്തുനികുതിയുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുടെ യു എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി കെട്ടിടങ്ങളുടെ വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതൽ 2021-22വരെ നികുതി തുക ഈടാക്കാതെ കുടിശ്ശികയായി കിടക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം/ ഉടമ/ കെട്ടിടനം./ ഉപയോഗക്രമം | വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം | ഈടാക്കേണ്ട വാർഷിക നികുതി(യു.എ രജിസ്റ്റർ പ്രകാരം) | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ 24/234.A | 2006-07 മുതൽ | 6125x3=18375 | 2006-07 മുതൽ 2021-22 2nd Half വരെ |
| 2 | ബി.എസ്.എൻ.എൽ/ 18/186F | 2006-07 1st Half മുതൽ | 6125x3=18375 | 2006-07 1st Halfമുതൽ 2021-22 2nd Halfവരെ |
| 3 | എയർടെൽ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് /21/140/K | 2006-07 1st Half മുതൽ | 6125x3=18375 | 2006-07 1st Halfമുതൽ 2020-22 2nd Half വരെ |
| 4 | ബി,എസ്.എൻ.എൽ /26/104/C | 2006-07 1st Half മുതൽ | 6125x3=18375 | 2006-07 1st Halfമുതൽ 2021-22 2nd Half വരെ |
| 5 | ബി,എസ്.എൻ.എൽ/ 26/533/I | 2006-07 1st Half മുതൽ | 6125x3=18375 | 2006-07 1st Halfമുതൽ 2021-22 2nd Halfവരെ |
| 6 | ടി,എം.ജോസ് തെക്കേക്കര 2/163A/FF | 2000-2001 1st Half മുതൽ | വിവരം ലഭ്യമായിട്ടില്ല | 2000-01 1sthalf മുതൽ 2021-22 2nd Halfവരെ |
| 7 | കെ.സി വർഗ്ഗീസ്/ കവുങ്ങുംബിള്ളിൽ / 1/313/C /റസിഡൻഷ്യൽ | $100m^2$/ 2001-02 1sthalf മുതൽ | 558x3=1674 | 2001-02 1sthalfമുതൽ 2021-22 2nd Halfവരെ |
| 8 | ബി,എസ്.എൻ.എൽ /12/10/D | 2006-007 1st Half മുതൽ | 6125x3=18375 | 2006-07 1sthalf മുതൽ 2021-22 2nd Halfവരെ |
| 9 | ഹാജറ പരീത്,കോട്ടപ്പടി/ /26/632/M വെജിറ്റബിൾ സെല്ലിംഗ് യൂണിറ്റ് | $60M^2$/ 2009-10 1st Half മുതൽ | 1450x3=4350 | 2009-10 1sthalfമുതൽ 2021-22 2nd Half വരെ |
| 10 | ഹാജറ പരീത്,കോട്ടപ്പടി/ 26/632/N എഗ് സെല്ലിംഗ് യൂണിറ്റ് | $20M^2$/ 2009-10 1st Half മുതൽ | 663x3=1989 | 2009-10 1st Halfമുതൽ 2021-22 2nd Halfവരെ |
| 11 | അഡ്വക്കേറ്റ് ഷിൻറ്റോവർഗ്ഗീസ് / നെടുമങ്ങാട്ട് / 4/231A/ റെസി | $140m^2$/ 2008-09 1st Half മുതൽ | 1250x3=3750 | 2008-09 1st Halfമുതൽ 2021-22 2nd Halfവരെ |
| 12 | ടി.എം. പൌലോസ് , തേക്കുംകുടി/ | $300m^2$/ 2010-11 1st Half | 6300x3=18900 | 2010-11മുതൽ 12-13 വരെ 6300/- |

| ക്രമ നം. | കെട്ടിടം/ ഉടമ/ കെട്ടിടനം./ ഉപയോഗക്രമം | വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം | ഈടാക്കേണ്ട വാർഷിക നികുതി(യു.എ രജിസ്റ്റർ പ്രകാരം) | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| | 15/987A/ ഹെൽത്ത് ക്ലബ് | മുതൽ | | രൂപ വീതവും 14-15,15-16 വർഷങ്ങളിൽ ൽ 6300/- രൂപ വീതവുംആണ് ഈടാക്കിയിട്ടുള്ളത്. ടി വർഷങ്ങളിലെ ബാക്കി തുകകളും 21-22 വരെ ബാക്കി വർഷങ്ങളിലെ തുകകളും ഈടാക്കുവാനുണ്ട് |
| 13 | വികാരി/ വിമലഗിരി കാത്തലിക് ചർച്ച് /25/1094A/ വിദ്യാഭ്യാസാവശ്യം | 432M$^2$ /2010-11 2$^{nd}$ Half മുതൽ | 9234x3=27702 | 2010-11 2$^{nd}$ Halfമുതൽ 2021-22 2$^{nd}$ Half വരെ |
| 14 | മാനേജർ, ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 12/280A /OFFICE | 1349.61M$^2$/ 2010-11 2$^{nd}$ Half മുതൽ | 28850x3=86550 | 2010-11 2$^{nd}$ Halfമുതൽ 2021-22 2$^{nd}$ Halfവരെ |
| 15 | മാനേജർ, ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ / 12/280B/ SCHOOLBLOCK NO.1 | 1389.60M$^2$/ 2010-11 2$^{nd}$ Half മുതൽ | 29710x3=89130 | 2010-11 2$^{nd}$ Halfമുതൽ 2021-22 2$^{nd}$ Halfവരെ |
| 16 | സെക്രട്ടറി, മാർബസേലിയസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ /26/707(1) /AB BLOCK | 1156.13M$^2$/ 2010-11 2$^{nd}$ Half മുതൽ | 17342x3=52026 | 2010-11 2$^{nd}$ Half,<br><br>2019-20 1$^{st}$ Half മുതൽ 2021-22 2$^{nd}$ Halfവരെ |
| 17 | സെക്രട്ടറി , മാർബസേലിയസ് മെഡിക്കൽ മിഷൻ ഹോസ്പിൽ / 26/707(2)/ NEW BLOCK | 1291.52M$^2$/ 2011-12 1$^{st}$ Half മുതൽ | 19373x3=58119 | 2019-20 1$^{st}$ Half മുതൽ 2021-22 2$^{nd}$ Half വരെ |
| 18 | അഡ്മിനിസ്റ്റേറ്റർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ 2/383(1)/ IP WING | 2540.95m$^2$ /2011-12 1$^{st}$ Half മുതൽ | 38108x3=114324 | 2011-12 1$^{st}$ Half മുതൽ 2021-22 2$^{nd}$ Halfവരെ |
| 19 | അഡ്മിനിസ്റ്റേറ്റർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ 2/386/(1)/ NURSING HOSTEL | 251.58m$^2$/ 2011-12 1$^{st}$half മുതൽ | 3774x3=11322 | 2011-12 1$^{st}$ Half മുതൽ 2021-22 2$^{nd}$ Halfവരെ |
| 20 | അഡ്മിനിസ്റ്റേറ്റർ, സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ /2/384/(1)/ പാലിയേറ്റീവ് കെയർ യൂണിറ്റ് | 585.30M$^2$ 2011-12 1$^{st}$ Half മുതൽ | 8776x3=26328 | 2011-12 1$^{st}$ Half മുതൽ 2021-22 2$^{nd}$ Half വരെ |
| 21 | അഡ്മിനിസ്റ്റേറ്റർ, സെന്റ്ജോസഫ്സ് | 2683.84M$^2$ 2011-12 1$^{st}$ Half | 40258x3=120774 | 2011-12 1$^{st}$ Half മുതൽ 2021-22 2$^{nd}$ Halfവരെ |

| ക്രമ നം. | കെട്ടിടം/ ഉടമ/ കെട്ടിടനം./ ഉപയോഗക്രമം | വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം | ഈടാക്കേണ്ട വാർഷിക നികുതി(യു.എ രജിസ്റ്റർ പ്രകാരം) | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| | ഹോസ്പിറ്റൽ 14/456(1), ഒ.പി വിങ് | മുതൽ | | |
| 22 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കുടി / 25/321/1 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971x3=5913 | 2014-15 1st Half മുതൽ 2021 -22 2nd Half വരെ |
| 23 | ഷൌക്കത്ത് അലി, വാരപ്പിള്ളിക്കുടി / 25/321/2 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971x3=5913 | 2014-15 1st Halfമുതൽ 2021 -22 2nd Halfവരെ |
| 24 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കുടി / 25/321/3 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971x3=5913 | 2014-15 1st Halfമുതൽ 2021-22 2nd Halfവരെ |
| 25 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കുടി / 25/321/4 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971x3=5913 | 2014-15 1sthalf മുതൽ 2021 -22 2nd Halfവരെ |
| 26 | ഷൌക്കത്ത് അലി , വാരപ്പിള്ളിക്കുടി / 25/321/5 പൌൾട്രി ഫാം | 262.8M$^2$/ 2014-15 1st Half മുതൽ | 1971x3=5913 | 2014-15 1st Halfമുതൽ 2021 -22 2nd Halfവരെ |
| 27 | സെക്രട്ടറി, എം.എ കോളേജ് അസ്സോസിയേഷൻ / 25/1120/F/ വിദ്യാഭ്യാസം | 6243.14 M$^2$/ 2013-14 1st Half മുതൽ | 112376x3=337128 | 2013-14 1st Halfമുതൽ 2021-22 2nd Halfവരെ |
| 28 | പി.സി മത്തായി പുതിയ മഠത്തിൽ /11/209A, ഷോപ്പ് റൂം | 8.69 M$^2$/ 2015-16 1st Half മുതൽ | 608.30x3=1825 | 2016-2017 1st Half, 2016-2017 2nd Half |
| 29 | തോംസൺ ജേക്കബ് / കല്ലപ്പിള്ളിൽ/ 13/1, വാണിജ്യാവശ്യം | 2263.54 M$^2$/ 2016-17 1st Half മുതൽ | 254650x3=763950 | 2016-17 1st Halfമുതൽ 2021-22 2nd Half വരെ |
| 30 | സേവ്യർ അഗസ്റ്റി/ അഞ്ചേരിൽ/ 16/74/F വാണിജ്യാവശ്യം | 263.39 M$^2$/ 2017-18 2nd Half മുതൽ | 32002x3-=96006 | 2020-21 2nd Halfമുതൽ 2021-22 2nd Half വരെ |
| 31 | സേവ്യർ അഗസ്റ്റി/ അഞ്ചേരിൽ /16/74/G വാണിജ്യാവശ്യം | 239.08 M$^2$/ 2017-18 2nd Half മുതൽ | 29048x3=87144 | 2020-21 2nd Halfമുതൽ 2021-22 2nd Halfവരെ |
| 32 | സാബു ടി ചാക്കോ/ 31/355 A /UA വാണിജ്യാവശ്യം | 441.70M2/ 2021-22 2nd Half മുതൽ | 68023x3=204069 | 2021-2 2nd Half |
| 33 | പി.എം ബഷീർ പൂവത്തും ചുവട്ടിൽ/ 31/484/UA | 679.52M2/ 2021-22 1st Half മുതൽ | 67273x3=201819 | 2021-22 1st&2nd Half വരെ |

മേൽ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാനും കൂടാതെ യു.എ. കെട്ടിടങ്ങളുടെ ഡി.സി.ബി എഴുതി തയ്യാറാക്കി

സൂക്ഷിക്കുവാനുംമേൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക തുക ഈടാക്കുവാനും 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു.(ക്രമ നം 32,33 ഒഴികെ) .ആയതിന്റെ തുടർ നടപടി വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനും ക്രമ നം 32,33 ലെ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/20.10.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി യിനത്തിലെ കുടിശ്ശിക തുകകൾ 2021-22 സാമ്പത്തിക വർഷത്തെ നികുതി ഉൾപ്പെടെ ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## 1-11-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല

മുനിസിപ്പാലിറ്റിയുടെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും ഭീമമായ കുടിശ്ശിക തുക വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാനുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം/വിസ്തീർണ്ണം ($M^2$) | ഈടാക്കേണ്ട കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 8/166 | ജി . ടി . എൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് /81.92 | 2016 1st Half മുതൽ 2020-21 2nd Half വരെ | 1,94,537 |
| 2 | 8/191 | എസ്സാർ ടെലിക്കോം മൊബൈൽ ടവർ/86.69 | 2017 2nd Half മുതൽ 2020-21 2nd Half വരെ | 81,925 |
| 3 | 17/132 | എം.എസ് റിലയൻസ്ഇൻഫ്രാടെൽ ലിമിറ്റഡ്/41.96 | 2017 2nd Half മുതൽ 2020-21 2nd Halfവരെ | 80,178 |
| 4 | 23/187 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്/85.81 | 2017 1st Half മുതൽ 2020-21 2nd Half വരെ | 1,84,129 |
| 5 | 24/125 (1) | ടെലികോം ടവർ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ.ലിമിറ്റഡ്/63.68 | 2020-21 1st & 2nd Half | 30,088 |
| 6 | 28/15/A | എം.എസ് റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ.ലിമിറ്റഡ്/49.16 | 2017 2nd Half മുതൽ 2020-21 2nd Half വരെ | 84,490 |
| 7 | 29/128/B | എം.എസ് ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് /50.76 | 2020-21 1st & 2nd Half | 23,985 |
| 8 | 31/474 | റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് /50.64 | 2017 1st Half മുതൽ 2020-21 2nd Half വരെ | 1,09,081 |
| 9 | 31/475 | ടവർ വിഷൻ ഇൻഡ്യ പ്രൈ.ലിമിറ്റഡ്/50.64 | 2016 1st Half മുതൽ 2021 2nd Half വരെ | 1,15,575 |
| 10 | 31/830/A | ബി.എസ്.എൻ.എൽ /55 | 2013 1st Half മുതൽ 2021 2nd Half വരെ | 2,59,875 |
| 11 | 31/1389/A | റിലയൻസ് ജിയോ ഇൻഫോലിമിറ്റഡ്/12.425 | 2020-21 1st & 2nd Half | 7,826 |
| | ആകെ | | | 11,71,689/- |

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക ഈടാക്കുവാനായി 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കുവാനും മേൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ 2021-22 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/20.10.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക 2021-22 വർഷത്തെ നികുതി ഉൾപ്പെടെ ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-11-4 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള

അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 95, 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിൽ പാർപ്പിടം /വ്യവസായ/ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി നഗരസഭയിൽ ലഭിച്ച അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വകരിച്ചിട്ടില്ല. അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം൦./തിയതി | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | 11359/21, 1.9.21 | സൈനബ |
| 2 | 13091/21 , 1.10.21 | ബിജോ ആന്റണി |
| | 12069/21 , 15.9.21 | ഡോ.ടി.പി ഹരികൃഷ്ണൻ |
| 3 | 15069/21, 9.11.21 | സെക്രട്ടറി, എം.എ കോളേജ് അസ്സോസിയേഷൻ |
| 4 | 17135/21 , 14.12.2021 | ഹാൻസ് എ മുണ്ടക്കൽ |
| 5 | 3047/21 , 15.2.2022 | ബിജു പീറ്റർ |
| 6 | 3731/22, 23.2.2022 | സി.ആർ ഉണ്ണികൃഷ്ണൻ |
| 7 | 2971/22, 25.2.2022 | എ .ഹമീദ്, കെ.എ മുഹമ്മദ്, അൻവർ സാദത്ത് ബി |
| 8 | 4179/22 , 28.2.2022 | ശ്രീലത സജി |
| 9 | 5142/22 , 15.3.22 | കെ.എക്സ്. ആന്റണി |

കൂടാതെ, 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം യു.എ നമ്പർ നൽകി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/19.10.2022) മറുപടി ലഭ്യമാക്കി. അപേക്ഷകർക്ക് അപാകത പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ആവശ്യമായ രേഖകൾ ഹാജരാക്കാത്തവയാണ് ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നതെന്നും ക്രമവൽക്കരണം നിരസിക്കുന്നവയിൽ ചട്ടപ്രകാരം നികുതി ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചു. അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-12 ഫോം വിതരണത്തിലെ അപാകതകൾ

മുനിസിപ്പാലിറ്റിയിൽ വിതരണം ചെയ്യുന്ന വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഫോമുകൾ (ഉദാ. വിവാഹ രജിസ്ട്രേഷൻ, ജനനമരണ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശം മാറ്റൽ, ലൈസൻസ് അപേക്ഷകൾ, വിവിധ സർട്ടിഫിക്കറ്റുകൾ മുതലായവ) വിതരണം ചെയ്ത് പണം അടക്കുമ്പോൾ സാംഖ്യയിൽ രസീതു അടിച്ച് അപേക്ഷകനു നൽകുന്നില്ല. പിന്നീട് ക്യാഷ് ക്ലോസ് ചെയ്യുന്ന സമയത്ത് ആ ദിവസം നൽകിയ എല്ലാ ഫോമുകളുടേയും പണം Sale Of Forms എന്ന ഹെഡിൽ അടിച്ച് രസീതു മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുന്നു. വിഷയം 2020-21 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഫോമുകൾ വിതരണം ചെയ്യുമ്പോൾ തന്നെ സാംഖ്യയിൽ രസീത് അടിച്ച് അപേക്ഷകനു നൽകേണ്ടതും തുക കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 1-13 രസീതുബുക്ക് ഭാഗികമായി ഉപയോഗിച്ചിരിക്കുന്നു

അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷി ഭവൻ ,കോതമംഗലത്തിന് 25.9.21 ന് നൽകിയ 353 ാം നമ്പർ രസീതുബുക്കിൽ (ആകെ രസീതുകൾ രസീതു നം . 17601മുതൽ 17650 വരെ) രസീതു നം 17601,17602,17603 എന്നിവ മാത്രം ഉപയോഗിച്ചതിനു ശേഷം ബാക്കി രസീതുകൾ ഉപയോഗിക്കാതെ പുതിയ രസീതു ബുക്ക് (ബുക്ക് നം.354) 25.9.21 ൽ തന്നെ കൈപ്പറ്റി ഉപയോഗിച്ചിരിക്കുന്നു. ഇപ്രകാരം രസീതുബുക്ക് ഭാഗികമായി ഉപയോഗിച്ചതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/20.10.2022) ലഭ്യമായ മറുപടിയിൽ ഒരു പദ്ധതിയുടെ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്ത് പൂർത്തിയായതിനു ശേഷം അടുത്ത പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിനു വേണ്ടി പുതിയ രസീതുബുക്ക് ഉപയോഗിച്ചു എന്നാണ്. ആയത് ശരിയായ നടപടിയല്ല. ഒരു രസീതുബുക്കിലെ രസീതുകൾ പൂർണ്ണമായി ഉപയോഗിച്ചതിനു ശേഷം അടുത്ത രസീതു ബുക്ക് ഉപയോഗിക്കേണ്ടതും ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. 353 ാം

നമ്പർ രസീതുബുക്കിലെ ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

**I)** സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക വിവരങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിന്റെ വെളിയിൽ ബിസിനസ് നടത്തുകയും എന്നാൽ അതിന്റെ മുഖ്യ ഓഫീസോ അതിന്റെ ബിസിനസ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നുവോ ആ സ്ഥലമോ ഏതെങ്കിലും അർദ്ധവർഷത്തിലെ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും സ്ഥാപനതൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. കോതമംഗലം നഗരസഭയുടെ തൊഴിൽ നികുതി പിരിവ് സൂക്ഷിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധവർഷം | അർദ്ധവർഷ തൊഴിൽ നികുതി (രൂപ) |
|---|---|---|---|---|
| 1 | 1 | ആയുർവേദ ക്ലിനിക്,രവീന്ദ്രൻ | I&II | 180 |
| 2 | 1 | സൺ ഇലക്ട്രോണിക്സ് | I&II | 180 |
| 3 | 1 | Vinmaya Vally | I&II | 180 |
| 4 | 3 | Baby Joseph. Stationery | I&II | 300 |
| 5 | 3 | Velayudhan Toddy Shop | I&II | 750 |
| 6 | 3 | 4 Star Engg | I&II | 180 |
| 7 | 2 | Axis Bank | I&II | 1250 |
| 8 | 2 | Excellent Photostat | I&II | 300 |
| 9 | 2 | Best Upholstery Work | I&II | 300 |
| 10 | 2 | Thekkekkara Saw Mill | I&II | 1000 |
| 11 | 2 | Emces Industries | I&II | 750 |
| 12 | 2 | Venus Beauty Clinic | I&II | 300 |
| 13 | 2 | Esaf Bank | I | 1250 |
| 14 | 2 | Dubai Garment & Footcare | I&II | 600 |
| 15 | 2 | Floers Textiles | I&II | 450 |
| 16 | 2 | Looms Menswear | I&II | 450 |
| 17 | 4 | Poovathumkudy Stores | I&II | 750 |
| 18 | 5 | Chandran Engg Works | I&II | 180 |
| 19 | 5 | Hebon Beauty Parlour | I&II | 300 |
| 20 | 5 | Tyre Care | I&II | 600 |
| 21 | 5 | Secretary, Co-operative Society | II | 1250 |
| 22 | 5 | Surya Hotel | II | 300 |
| 23 | 5 | Anna Fashion | I&II | 300 |
| 24 | 5 | Jimraj Industries | I&II | 750 |
| 25 | 5 | St,george Home Depot | II | 600 |
| 26 | 5 | Rahul Cakes & Bakes | I&II | 300 |
| 27 | 5 | Ultra Geo Media | I&II | 300 |
| 28 | 7 | Boby, Hotel | I&II | 1000 |
| 29 | 8 | Water Kingdom | I&II | 600 |
| 30 | 11 | ജോൺ തരകൻ, അയ്യനാട് റബ്ബർ എസ്റ്റേറ്റ് | II | 1250 |
| 31 | 11 | ജോൺസൺ, പലചരക്ക് കട | I&II | 1250 |

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധവർഷം | അർദ്ധവർഷ തൊഴിൽ നികുതി (രൂപ) |
|---|---|---|---|---|
| 32 | 12 | Activa Service Centre | II | 300 |
| 33 | 14 | KC Hardwares | I&II | 300 |
| 34 | 15 | Jairaj Vaidyasala | I&II | 180 |
| 35 | 15 | Arya Decoration | I&II | 600 |
| 36 | 15 | Master Craft Building Designing | I&II | 300 |
| 37 | 16 | Manara Restaurant | I&II | 1000 |
| 38 | 16 | Global Distributor | I&II | 600 |
| 39 | 16 | Pizza Mak | I&II | 600 |
| 40 | 17 | Hotel Udaya | I&II | 300 |
| 41 | 17 | Rani Driving School | I&II | 450 |
| 42 | 17 | M.g.college | I&II | 600 |
| 43 | 17 | Muthoot Securities | I&II | 1250 |
| 44 | 17 | Malanadu Central Finance | I&II | 600 |
| 45 | 17 | Kavery Tourist Home | I&II | 1250 |
| 46 | 17 | Syndicate Bank | I | 1250 |
| 47 | 17 | Peechattu Hospital &Lodge | I&II | 1250 |
| 48 | 18 | KLM Auto Fuel | I&II | 1250 |
| 49 | 19 | Capital Finance (P)L | I&II | 1250 |
| 50 | 19 | Capital Credit Syndicate | I&II | 1250 |
| 51 | 19 | കോതമംഗലം കോ ഓപ്പറേറ്റീവ് സൊസൈറ്റി | I&II | 1250 |
| 52 | 19 | റെജിമോൻ ട്രാവൽസ് | I&II | 1250 |
| 53 | 19 | Mariya Hostel | I&II | 1000 |
| 54 | 21 | നീതി സൂപ്പർമാർക്കറ്റ് | I&II | 1250 |
| 55 | 21 | Home Land Steel Furniture | I&II | 1250 |
| 56 | 29 | കോട്ടഞ്ചേരി ട്രേഡിംഗ് കമ്പനി | I&II | 1250 |
| 57 | 29 | Classic Furniture Works | I&II | 600 |
| 58 | 30 | KTC Parcel Service | I&II | 600 |
| 59 | 30 | പുലരി ട്രാവൽസ് | I&II | 750 |
| 60 | 30 | Premier Finserve | I&II | 1000 |
| 61 | 30 | PPK Transport | I&II | 1250 |
| 62 | 30 | KJK Transport | I&II | 1250 |
| 63 | 30 | Mentor Academy | I&II | 1250 |
| 64 | 30 | KLM Nidhi L | I&II | 1250 |
| 65 | 30 | Iris Residency Tourist Home | I&II | 1250 |
| 66 | 30 | മരിയ മെഡിക്കൽസ് | I&II | 600 |
| 67 | 30 | Royal British Academy | I&II | 1250 |
| 68 | 30 | Safe Prime Nidhi L | I&II | 1250 |
| 69 | 30 | Signature Holidays Travel Agency | I&II | 1250 |
| 70 | 30 | Nanma Indane Service | I&II | 1250 |
| 71 | 30 | L&c Associated Veterinary Medical Equipments | I&II | 600 |
| 72 | 30 | The Ramco Cemenr | I&II | 1250 |
| 73 | 30 | Inspire Academy Fire&safety | I&II | 1250 |
| 74 | 30 | Jawhar Tourist Home | II | 1250 |

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധവർഷം | അർദ്ധവർഷ തൊഴിൽ നികുതി (രൂപ) |
|---|---|---|---|---|
| 75 | 30 | Jumbo Photography | I&II | 1250 |
| 76 | 30 | ആഷ്ലി എബ്രഹാം ,Restaurant &Bakery | I&II | 1250 |
| 77 | 30 | KLM Axiva Finvest L | I&II | 1250 |
| 78 | 30 | Silver Tips Hotel | I&II | 1250 |
| 79 | 30 | നന്മ മെഡിക്കൽസ് | II | 1250 |
| 80 | 31 | ABT Parcel Service | I&II | 300 |
| 81 | 31 | Indus Ind Two Wheeler Loans | II | 1250 |
| 82 | 31 | IDBI Bank | I | 1250 |
| 83 | 31 | Monikkattil Bakery | I&II | 1000 |
| 84 | 31 | Swapna Lodge | I&II | 1250 |
| 85 | 31 | ശിവപ്രസാദ് രാജൻ, Document Writer | I&II | 300 |
| 86 | 31 | ശശിധരൻ നായർ, Document Writer | I&II | 300 |
| 87 | 31 | ജയപ്രകാശ്, Document Writer | I&II | 300 |
| 88 | 31 | എ.വി.രാജേഷ്, Document Writer | I&II | 300 |
| 89 | 31 | Hedge Equities | I&II | 750 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/20.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് അരിയർ ഡിമാന്റ് നോട്ടീസ് നൽകി അടിയന്തിരമായി നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.ആയത് ഈടാക്കി രസീത് നമ്പർ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.. രജിസ്റ്ററിൽ രസീത് നമ്പർ സഹിതം എഴുതി പൂർത്തിയാക്കേണ്ടതുമാണ്.

2)കരാർ രജിസ്റ്റർ പ്രകാരം തൻ വർഷം നഗരസഭയുടെ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നുള്ള എൻക്വയറിക്ക് ഇവർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് മറുപടി തന്നത്. തുക ഈടാക്കി രസീത് നമ്പർ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരുടെ പേര് | ക്രമ നം | കരാറുകാരുടെ പേര് |
|---|---|---|---|
| 1 | P A Pauly | 14 | Denny P.J. |
| 2 | Basil Ben George | 15 | Shaju Mathai |
| 3 | Saji.k.koya | 16 | Reji Kuriakose |
| 4 | Sugathan.c.v | 17 | A.R. Cheriyan |
| 5 | Bijumon.p.a | 18 | Ouseph |
| 6 | Binu.k.varghese | 19 | Paul Antony |
| 7 | Binu Paul | 20 | Sathar C.M. |
| 8 | C.V. Jose | 21 | Bindiya Liju |
| 9 | Mubin Meeran | 22 | Shanavas P.V. |
| 10 | A.R. George | 23 | Varghesekutty M.K |
| 11 | Rabins.P.M | 24 | T.K. Aliyar |
| 12 | V.M. Sainudheen | 25 | Shiji George |
| 13 | A.R. Santhoshkumar | | |

3) വാർഷിക ധനകാര്യപത്രിക പ്രകാരം 3,63,029 രൂപ Institutions/professionals/traders എന്നിവരുടെ Profession Tax ഇനത്തിൽ തൻവർഷം മാത്രം പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. മുൻവർഷങ്ങളിലെ Arrear ഇനത്തിലും 3,89,022 രൂപ ഈടാക്കാൻ ബാക്കി നിൽക്കുന്നു. ഇവ പിരിച്ചെടുക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ് .

**II)** <u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | 16 | Malayalam Vehicles | I & II |
| 2 | 17 | SBI Life Insurance | II |
| 3 | 17 | Syndicate Bank | II |
| 4 | 17 | Reliant Credels India L | I & II |
| 5 | 30 | ICICI Bank | II |
| 6 | 30 | KLM Nidhi L | II |
| 7 | 30 | Truck Sports Apparels | II |
| 8 | 30 | Mini Muthoot Nidhi Kerala L | I & II |
| 9 | 30 | Focus Parts Mart L | I & II |
| 10 | 30 | Canara Bank | II |
| 11 | 30 | ICICI Prudential LIC Co.L | I & II |
| 12 | 30 | Indus Motors | II |
| 13 | 30 | Delhivery | II |
| 14 | 30 | Gov.servants Co-op. Society | II |
| 15 | 31 | Subkiran Capital L | II |
| 16 | 31 | Kalyan Jewellers | II |
| 17 | 31 | Bel Star Investments &Finance (P)L | I & II |
| 18 | 31 | KTM VVT Co-op Society | II |
| 19 | 31 | EDCB Town Evening | II |
| 20 | 31 | Kothamangalam Service Co Op Bank L .583 | I & II |
| 21 | 31 | NABFins L | II |
| 22 | 31 | KP Varkey &Sons Gold & Diamonds | II |
| 23 | 31 | Sita Marbles | II |
| 24 | 31 | MCK Nidhi India L | II |
| 25 | 31 | Quees Corp L | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച് നടപടികൾ വ്യക്തമാക്കേണ്ടതുമാണ് എന്ന് അറിയിച്ച് കൊണ്ട് എൻക്വയറി (നം.33/20.10.2022)ലഭ്യമാക്കിയ മറുപടിയിൽ തുക ഒടുക്കിയെങ്കിലും രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തവയുടെ രസീത് ഹാജരാക്കിയത് പരിശോധിച്ച് തുക ഈടാക്കാൻ ബാക്കിയുള്ള ജീവനക്കാരുടെ വിവരമാണ് മുകളിൽ കാണിച്ചിട്ടുള്ളത്.ഇവരിൽ നിന്നും തുക ഈടാക്കി രസീത് സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം നടത്തുന്നില്ല

നഗരസഭയുടെ അധീനതയിലുള്ള കോതമംഗലം പ്രൈവറ്റ് ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ 2021-22 ൽ ലേലം നടത്തിയിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ 20.10.2020 ലെ 20-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഉൾഭാഗം പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതായും ലേലം ചെയ്യാവുന്ന അവസ്ഥയിലല്ല എന്നും തങ്കളം ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനും വർഷങ്ങളായി പൊടിപിടിച്ച നിലയിലും കറന്റ്, വാട്ടർ കണക്ഷനുകൾ ഇല്ലാത്ത നിലയിലുമാണ് സ്ഥിതി ചെയ്യുന്നത് എന്ന R.I. റിപ്പോർട്ട് അനുസരിച്ച് ഇവയുടെ കുത്തക ലേലം നഗരസഭ റദ്ദ് ചെയ്തിട്ടുള്ളതാണ് . 10.02.2021 ൽ കൂടിയ കൗൺസിൽ തീരുമാനം 10 പ്രകാരം ഈ 2 കംഫർട്ട് സ്റ്റേഷനുകളും അറ്റകുറ്റപ്പണികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2020-21 ൽ 12,01,100 രൂപക്കാണ് പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലത്തിൽ പോയിട്ടുള്ളത്. 13.04.2021 ലെ 17-ാം നമ്പർ തീരുമാന പ്രകാരം ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷന്റെ ഉപയോഗ പ്രദമായ ഭാഗം ജനങ്ങൾക്ക് ഉപയോഗത്തിന് തുറന്നു കൊടുക്കുന്നതിനും കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നതിനും 2 കുടുംബശ്രീ അംഗങ്ങളെ വെച്ച് നടത്തുന്നതിനും അവരുടെ വേതനം കഴിഞ്ഞ് അധികം വരുന്ന തുക നഗരസഭയിൽ ഒടുക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ 2021-22 സാമ്പത്തിക വർഷം കുടുംബശ്രീ വഴി കംഫർട്ട് സ്റ്റേഷൻ

ഫീസ് പിരിവ് നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ടി തുക നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്നും തങ്കളം ബസ് സ്റ്റാന്റിൽ പ്രവർത്തന രഹിതമായി കിടക്കുന്ന കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണി നടത്തി കുത്തക ലേലം നടത്താൻ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.15/19.10.2022 ന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ കോതമംഗലം മുനിസിപ്പൽ ബസ് സ്റ്റാന്റ്, തങ്കളം ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലെ കംഫർട്ട് സ്റ്റേഷനുകൾ 2022ലെ കോതമംഗലം ചെറിയ പള്ളി പെരുന്നാളിനോടനുബന്ധിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും ഇവ പൂർത്തിയാകുന്ന മുറയ്ക്ക് ലേലം ചെയ്ത് നൽകാവുന്നതാണെന്നും എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ കുടുംബശ്രീ വഴി 30,000/- രൂപയാണ് രസീത് നം.119155/31.03.2022 പ്രകാരം നഗരസഭയിൽ ഒടുക്കിയത്. എന്നാൽ ഇതിന്റെ ഫയൽ ഹാജരാക്കിയില്ല. തിരക്കേറിയ കോതമംഗലം ബസ് സ്റ്റാന്റിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കംഫർട്ട് സ്റ്റേഷനുകൾ ഉപയോഗ ശൂന്യമായി കിടക്കുന്നത്, ലേലത്തിൽ പങ്കെടുക്കാൻ ആരും വരാത്ത അവസ്ഥ സംജാതമാക്കുന്നതാണ്. ഇത് നഗരസഭയ്ക്ക് ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിനും കാരണമാകുന്നു. ആയതിനാൽ കംഫർട്ട് സ്റ്റേഷനുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി പൂർത്തിയാക്കി ജനോപകാരപ്രദമായി സൂക്ഷിക്കുന്നതിന് കൌൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ലൈസൻസ് പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ

1) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 100/- രൂപ ലൈസൻസ് ഫീ ഒടുക്കി 2021-22 സാമ്പത്തികവർഷത്തേക്ക് രജിസ്ട്രേഷൻ പുതുക്കാത്തതായി കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം |
|---|---|---|
| 1 | കോട്ടക്കൽ ക്ലിനിക് | 30/933 |
| 2 | കോട്ടക്കൽ ഡെന്റൽ ക്ലിനിക് | 9/933 |
| 3 | ഭാരത് മെഡിക്കൽ ലബോറട്ടറി | 17/412 |
| 4 | നോവ ഡയഗ്നോസ്റ്റിക്ക് സെന്റർ | 25/ |
| 5 | Jesus Medical Diagnostic Centre | 30/1218 |
| 6 | പോൾസ് ഹോമിയോ ക്ലിനിക് | 14/404 G |
| 7 | പീച്ചാട്ട് ക്ലിനിക് | 17/547,545 |
| 8 | മുത്തൂറ്റ് ഡയഗ്നോസ്റ്റിക്ക് സെന്റർ | 2/409-g |
| 9 | ജീവനി ആയുർവേദ സ്പെഷ്യാലിറ്റി ക്ലിനിക് | - |
| 10 | കോട്ടക്കൽ ആര്യവൈദ്യശാല | 25/356 |
| 11 | ഔഷധി | 14/487 |
| 12 | Progressive Library | 23/68A1 |
| 13 | Specialist Laboratories | 31/555 A,B |
| 14 | Specialist Laboratories | 31/455 |
| 15 | Homoeo Clinic | 31/1034 |
| 16 | Homoeo Clinic | 21/3 |
| 17 | Clinical Lab | 21/244B |
| 18 | MBMM Hospital | 26/426 |
| 19 | Physiotherapy Clinic | 26/456F |
| 20 | ആയുർവേദ ക്ലിനിക് | 21/75 |
| 21 | Nova Medical Lab | 30/1209 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.41/20.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ 2021 ഡിസംബർ 31 വരെ ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി നീട്ടിയതായി അറിയിച്ചിട്ടുണ്ട്. ടി കാലയളവിനു ശേഷം മേൽ സ്ഥാപനങ്ങൾ നഗരസഭയിൽ നിന്നും 2021-22 ലേക്കുള്ള രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) 31/531,532.533 എന്ന കെട്ടിട നമ്പറിൽ K.Suseela Devi എന്ന വ്യക്തിയുടെ പേരിൽ പ്രവർത്തിക്കുന്ന Devi Diagnostic & Art Solutions (Ultra Sound Scan) എന്ന സ്ഥാപനത്തിന് ലൈസൻസ് നം.KMCH-63/2021-22 Dated 18.05.2021 പ്രകാരം 1,000/- രൂപ ഈടാക്കി (രസീത് നം.112941 / 23.02.2021) ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2021-22 വർഷത്തേക്ക് രജിസ്ട്രേഷൻ പുതുക്കിയതായും കാണുന്നില്ല. എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പൂർണ്ണമല്ല

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. സ്ഥാപനം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന് 1-ാം നമ്പർ ഫോറത്തിൽ 300/- രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം അപേക്ഷിക്കേണ്ടതാണ്. ചട്ടം 4 പ്രകാരം ഓരോ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നതിന് 5-ാം നമ്പർ ഫോറത്തിൽ 100/- രൂപ പുതുക്കൽ ഫീസ് ഈടാക്കി അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി അപേക്ഷിക്കേണ്ടതുമാണ്. നഗരസഭയിലെ 2021-22 വർഷത്തേക്കുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 31 വാർഡുകളുള്ള നഗരസഭയിൽ ആകെ 6 സ്ഥാപനങ്ങൾ മാത്രം രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത് (6X100 =600/-രൂപ). എന്നാൽ അക്കൗണ്ട്സ് പ്രകാരം ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീ ഇനത്തിൽ ഈ വർഷം 2,300/- രൂപ കളക്ഷൻ വന്നിട്ടുണ്ട്. Institution Registration Fee എന്ന ഹെഡിൽ 300/- രൂപയും കളക്ഷൻ ഉണ്ട്. തൻവർഷം രജിസ്ട്രേഷൻ എടുത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല. ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ചേർത്ത് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കാത്തതിനും ചട്ടം 3(6) പ്രകാരം സൂക്ഷിക്കുന്ന രജിസ്റ്ററിൽ സ്ഥാപനത്തിൽ നടത്തപ്പെടുന്ന കോഴ്സുകളുടെ വിവരം,സ്ഥാപനത്തിന്റെ പേര്, അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം എന്നിവ വ്യക്തമായി രേഖപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.44/21.10.2022 ന് മറുപടി ലഭിച്ചില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തേണ്ടതും രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-18 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ

സ.ഉ (പി) നം.62/2020 /തസ്വഭവ: തീ.30.10.2020 പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി ഡി. &ഒ. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തു. ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ആയി പുതിയ ചട്ടത്തിലെ പട്ടിക III പ്രകാരമുള്ള ലൈസൻസ് ഫീസ് ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഷിക ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിന് പട്ടിക IIIപ്രകാരം വ്യാപാരങ്ങളെ ഉൽപ്പാദനം, സേവനം എന്നീ മേഖലകളാക്കിയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ (500 രൂപ), മിനി (,1000/- രൂപ), സ്മോൾ (5,000/- രൂപ), മീഡിയം(10,000/- രൂപ), ലാർജ്ജ് (15,000/- രൂപ) എന്റർപ്രൈസസുകൾ എന്നിങ്ങനെ വിവിധ സ്ലാബുകളായി ലൈസൻസ് ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കോതമംഗലം നഗരസഭയിൽ ഇപ്രകാരം IFTEOS ലൈസൻസിനുള്ള അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു .

1) യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് വാർഷിക ലൈസൻസ് ഫീസ് ഈടാക്കിയില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി ഡി ആന്റ് ഒ ലൈസൻസ് ചട്ടം 12 മുതൽ 15 വരെ പ്രകാരം ഏതെങ്കിലും ഫാക്ടറിയോ വർക്ക് ഷോപ്പോ ജോലി സ്ഥലമോ യന്ത്രസാമഗ്രിയോ നിർമ്മാണയന്ത്രമോ ഒരു പുരയിടത്തിലോ കെട്ടിടത്തിലോ പ്രവർത്തിപ്പിക്കാൻ ഫാറം 3 ൽ അപേക്ഷിക്കേണ്ടതും ലൈസൻസ് അനുവദിച്ചുകൊണ്ടുള്ള ഏതൊരു ലൈസൻസിയും ടി ചട്ടത്തിലെ 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൌസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. ടി ലൈസൻസ് പുതുക്കുന്നതിനും ഇതേ ഫീസ് ഈടാക്കേണ്ടതും യന്ത്ര സാമഗ്രികളുടെ ലൈസൻസിന് പ്രത്യേകമായി ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തേക്കുള്ള ലൈസൻസ് പുതുക്കൽ അപേക്ഷകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുകയോ യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാർഷിക ഫീസ് പ്രത്യേകമായി ഈടാക്കുകയോ ചെയ്തില്ല. ഇതുമൂലം ടി ഇനത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.30/20.10.2022 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ പട്ടിക III എന്ന് രേഖപ്പെടുത്തിയ ഭാഗത്ത് വന്ന ആശയക്കുഴപ്പം മൂലമാണ് ടി കാലയളവിൽ യന്ത്ര സാമഗ്രികൾക്ക് പ്രത്യേക ഫീ ഈടാക്കേണ്ടതില്ല എന്ന തെറ്റിദ്ധാരണക്ക് കാരണമായതെന്നും ആയത് ശ്രദ്ധയിൽപ്പെട്ടത് മുതൽ ടി സ്ഥാപനങ്ങൾക്ക് ഫീസ് അടക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും അത് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട് എന്നാണ്. പുതുക്കിയ ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ആയത് ശരിയായ വ്യാഖ്യാനിക്കേണ്ടതും സർക്കാരിൽ നിന്നും വ്യക്തത വരുത്തി ബന്ധപ്പെട്ട സെക്ഷനുകൾക്ക് അതിന്മേൽ നിർദ്ദേശങ്ങൾ നൽകേണ്ടതും അധികാരികളുടെ ചുമതലയാണ്. ആയതിൽ വീഴ്ച വരുത്തി വരുമാന നഷ്ടം ഉണ്ടാക്കുന്നതിന് മേലിൽ ആവർത്തിക്കാതിരിക്കുന്നതിലേയ്ക്ക് കൌൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു . ആദ്യമായി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് Installation Of Machinery എന്ന ഹെഡിലും വാർഷികമായി ലൈസൻസ് പുതുക്കുന്നതിന് Running Fee For Machinery എന്ന സാംഖ്യാ ഹെഡിലും

വരവ് വെക്കേണ്ടതാണ്.

2) അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല

ഏതാനും ചില അപേക്ഷകളിൽ മാത്രമാണ് സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുള്ളൂ. അതിനാൽ നിക്ഷേപത്തിനനുസരിച്ചാണോ വാർഷിക ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് ഓഡിറ്റിൽ ഉറപ്പുവരുത്താൻ സാധിക്കില്ല. എന്നാൽ എല്ലാ വ്യാപാരങ്ങളിൽ നിന്നും മിനിമം തുകയായ 500/- രൂപ ഈടാക്കിയിട്ടുണ്ട് . ആയതിനാൽ ഈയിനത്തിൽ കാര്യമായ വരുമാന നഷ്ടം ഉണ്ടായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 30/20.10.2022 ക്ക് ലഭ്യമാക്കിയ മറുപടിയിൽ 2020 ഒക്ടോബർ 30 ന് നിലവിൽ വന്ന ടി ചട്ടപ്രകാരമുള്ള ഫീസുകൾ 2021-22 സാമ്പത്തികവർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതു മുതലാണ് ഈടാക്കുന്നത്. എന്നാൽ പുതിയ ചട്ടം നിലവിൽ വന്നതിനാൽ കൃത്യമായ മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ വ്യക്തമാകാത്ത സാഹചര്യത്തിൽ ലൈസൻസികൾ പറയുന്ന മൂലധന നിക്ഷേപം അനുസരിച്ച് ഫീസ് നിർണ്ണയിച്ച് നൽകുകയാണ് ചെയ്തതെന്നാണ്. അതിന് പ്രത്യേക ഫോമോ നിലവിലുള്ള അപേക്ഷാ ഫോമിൽ അത് രേഖപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശിത സമ്മത പത്രമോ നിലവിലില്ലാത്തതിനാലാണ് അപേക്ഷകളിൽ മൂലധന നിക്ഷേപം ഇല്ലാതിരുന്നത്. എന്നാൽ നഗരസഭയുടെ ഉറപ്പിലേക്കായി പിന്നീട് തയ്യാറാക്കിയ ഫോം നിലവിൽ ഉപയോഗിക്കുന്നുണ്ട്. 2020 ലെ പുതിയ ചട്ടത്തിലും ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതിനുള്ള കോളം ഇല്ലാത്തതിനാൽ അപേക്ഷാഫോം പുതുക്കുന്നതു വരെ ആയതിനായി പ്രത്യേക ഫോം ഉപയോഗിക്കുകയോ സമ്മതപത്രം എഴുതി വാങ്ങുകയോ ചെയ്യാവുന്നതാണ് . അതിന്റെ അടിസ്ഥാനത്തിലോ പൊല്യൂഷൻ കൺട്രോൾ ബോർഡ് സാക്ഷ്യപത്രം ആവശ്യമുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ ടി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള Capital Investment ന്റെ അടിസ്ഥാനത്തിലോ മൂലധന നിക്ഷേപം കണക്കാക്കി അതിന് ആനുപാതികമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് .

3) ലൈസൻസ് ഫീസ് ഈടാക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കാത്ത ധാരാളം സ്ഥാപനങ്ങൾ ഉള്ളതായി കണ്ടു. ടി സ്ഥാപനങ്ങളെ ലിസ്റ്റ് ഔട്ട് ചെയ്തു കൊണ്ട് നൽകിയ 30 -ാം നമ്പർ എൻക്വയറിക്ക് 27.09.2022 ലെ സ.ഉ(സാധാ) നം.2360/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് പുതുക്കുന്നതിന് 31.12.2022 വരെ സമയപരിധി നീട്ടി നൽകിയതായി അറിയിച്ചിട്ടുണ്ട് .ടി സമയപരിധിക്കകം ടി സ്ഥാപനങ്ങളെല്ലാം 2021-22 ലേക്കുള്ള ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഹെൽത്ത് സെക്ഷൻ അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

1-18-1 ലൈസൻസ് ഇല്ലാതെ കമ്പനി പ്രവർത്തിക്കുന്നു

നഗരസഭയുടെ വാർഡ് 25 ൽ 243A കെട്ടിട നമ്പറിൽ( സർവേ നമ്പർ-1354/1c/8/4/7 , 1354/1c/13/17/2 ) പ്രവർത്തിക്കുന്ന ശ്രീ.നജീബ് ഞാളിയത്ത് സലിം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള SNS Complete Green Solutions , കറുകടം എന്ന കോഴിമാലിന്യ സംസ്കരണ പ്ലാന്റ് (G2 Category Occupation) നഗരസഭയുടെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ടി സ്ഥാപനത്തിന്റെ ഉടമ നൽകിയ വിവരാവകാശ അപേക്ഷക്കുള്ള മറുപടിയിൽ 14.12.2021 ൽ H2-15543/2021 നമ്പർ കത്ത് പ്രകാരം ടി സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്ന് നഗരസഭ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിന് ലൈസൻസ് നൽകാത്തതിനുള്ള കാരണവും അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും )ലൈസൻസ് നൽകൽ ചട്ടം പ്രകാരം നഗരസഭ കൈക്കൊണ്ട നടപടികളും ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/19.10.2022 ന് നഗരസഭ ഇതിന്മേൽ നിലനിൽക്കുന്ന കേസ് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട് .ആയതിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു .

M/s.complete Green Solutions എന്ന പേരിൽ കോഴിക്കടകളിൽ നിന്നും അറവുശാലകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ ഉപയോഗിച്ച് മത്സ്യങ്ങൾക്കും , നായ്ക്കൾക്കുമുള്ള തീറ്റ ഉൽപ്പാദിപ്പിക്കുന്ന ടി കമ്പനിയിൽ നിന്ന് അസഹനീയമായ ദുർഗന്ധവും പല വിധ ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നതായും സമീപവാസികൾ കേസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിശോധന നടത്തിയിരുന്നതും പരാതി നിലനിൽക്കുന്നതിനാൽ 19.01.2021 ലെ CR No.4 പ്രകാരം നഗരസഭയിൽ നിന്ന് പ്രവർത്തനാനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ 04.03.2021 ലെ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ (DIC EKM/2139/2020 A9 നം. കത്ത് പ്രകാരം ) ഡീംഡ് ലൈസൻസ് , മലിനീകരണ നിയന്ത്രണ ബോർഡിന്റെ Consent No.019ERNA-CTO 24696 പ്രകാരമുള്ള പ്രവർത്തനാനുമതി(02.12.2025 വരെ), ജില്ലാ എൻവിയോൺമെന്റ് എഞ്ചിനീയറുടെ 21.10.2021 ലെ PCB/DO2/EKM/GEN/CF-05/2013 നമ്പർ കത്ത് പ്രകാരമുള്ള അനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ മലിനീകരണ പ്രശ്നങ്ങളോ മറ്റ് അസ്വാഭാവികതയോ ഉള്ളതായി കാണുന്നില്ലെന്നും അനുമതി പത്രത്തിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടാണ് കമ്പനി പ്രവർത്തിക്കുന്നതെന്നും സൂചിപ്പിട്ടുണ്ട് . നഗരസഭ ആരോഗ്യ വിഭാഗം 24.03.2022 ൽ നടത്തിയ പരിശോധനയിൽ ദുർഗന്ധമോ മറ്റ് ശല്യങ്ങളോ അനുഭവപ്പെട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 450 -ാം വകുപ്പ് (എച്ച്),(ഐ) ഖണ്ഡങ്ങൾ , 2011 ലെ

കേരള മുനിസിപ്പാലിറ്റി ഡി ആന്റ് ഓ ലൈസൻസ് ചട്ടം 16 എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമില്ലാത്ത വ്യവസായ യൂണിറ്റുകൾ അവയുടെ പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പ് 14-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള പട്ടിക 3 ലെ നിരക്കിലുള്ള ലൈസൻസ് ഫീസിന്റെ അതേ നിരക്കിലുള്ള രജിസ്ട്രേഷൻ ഫീസ് അടച്ച് മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതും ഓരോ വർഷവും വാർഷിക ഫീസ് ഈടാക്കി രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതുമാണ് . എന്നാൽ മുനിസിപ്പാലിറ്റി ഇപ്രകാരം രജിസ്ട്രേഷൻ ഫീ ഈടാക്കിയിട്ടില്ല . ഇപ്രകാരം വ്യവസായ വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ ചട്ട പ്രകാരം രജിസ്ട്രേഷൻ ഫീസ് ഈടാക്കി നഗരസഭയിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.

### 1-19 പെർമിറ്റില്ലാതെ പണിത കെട്ടിടങ്ങൾ ക്രമവൽക്കരിച്ചില്ല

PW2 – 8978/21 നം ഫയൽ പ്രകാരം വാർഡ് 21 ൽ 1481, 1482 എന്നീ സർവേ നമ്പറുകളിൽപ്പെട്ട 21369 ച.മീ (528.02 സെന്റ്) സ്ഥലത്ത് വ്യവസായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി(extension) 08.07.2021 ൽ Csons Paper Mills (P)L എന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചതായി കാണുന്നു .പ്ലാൻ പ്രകാരം നിലവിൽ ടി പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ താഴെപ്പറയുന്നവയാണ്. എന്നാൽ 22.07.2021 ലെ സ്ഥലപരിശോധനയിൽ ടി കെട്ടിടങ്ങളുടെ വിസ്തീർണ്ണം നഗരസഭാ രേഖകളിൽ നിന്നും അധികമായി ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് .

| കെട്ടിട നം | സഞ്ചയ പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ള ഏരിയ |
|---|---|
| 21/117 | 90 ച.മീ |
| 21/118 | 341.34ച.മീ |
| 21/115 | 2187ച.മീ |
| 21/108 | 527ച.മീ |
| 21/106 | 423 ച.മീ |
| ആകെ | 3568.34 ച.മീ |

സംയുക്ത പരിശോധനയിൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 7868.47 ച.മീ ആണെന്ന് കണ്ടെത്തിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയുടെ അനുമതിയില്ലാതെ 4300.13 ച.മീറ്ററോളം അധികമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായി വ്യക്തമാണ്. പൊസെഷൻ സർട്ടിഫിക്കറ്റ് പ്രകാരം ടി സർവേ നമ്പറുകൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ Wet Land, Dry Land എന്നിവ ഇടകലർന്ന് വരുന്നതായും C Sons Paper Mill എന്ന സ്ഥാപനം 1481/6/1 ൽ 16.840 സെന്റ് റോഡ് പുറമ്പോക്ക് അനധികൃതമായി കൈവശം വെച്ചിരിക്കുന്നതായി കാണുന്നു. 11.03.2022 ലെ കോതമംഗലം തഹസിൽദാരുടെ C1-5482/2012 -ാം നമ്പർ കത്തിൽ ടി സ്ഥാപനം അനധികൃതമായി കയ്യേറിയ പുറമ്പോക്ക് സംബന്ധിച്ച് കമ്പനി ഫയൽ ചെയ്തിരുന്ന O.S -74/19 നമ്പർ കേസ് ബഹു.കോതമംഗലം മുൻസിഫ് കോടതിയുടെ 18.02.2022 ലെ O.S No.74/2019 നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതായും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

ഇത് സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നമ്പർ 11/19.10.2022 ലഭ്യമാക്കിയ മറുപടിയിൽ 30.10.2018 ലെ ജില്ലാ വ്യവസായ വികസന സമിതി യോഗത്തിൽ ഫയൽ നമ്പർ എ9/2276/13 പ്രകാരം Cson Paper Mill സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 16.840 സെന്റ് സ്ഥലം പുറമ്പോക്ക് ഉള്ളതായി കാണുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെതിരെ കമ്പനി ഉടമകൾ ഫയൽ ചെയ്ത കേസിൽ പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഇത് പ്രകാരം പുറമ്പോക്ക് ഡീമാർക്കേറ്റ് ചെയ്ത് ലഭിക്കുന്നതിന് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുള്ളതും ഇതു വരെ ഡീമാർക്കേറ്റ് ചെയ്ത് ലഭിക്കാത്തതുമാണ്.ഫയൽ അദാലത്ത് തീരുമാനം നമ്പർ 93 പ്രകാരം കെട്ടിടത്തിന് UA ടാക്സ് ഈടാക്കുന്നതിന് അദാലത്ത് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതും അനധികൃതമായി നിർമ്മിച്ചിട്ടുള്ള 4300 ചതുരശ്ര മീറ്ററിനും UA ടാക്സ് ഈടാക്കുന്നതിന് തീരുമാനിച്ച് നടപടി സ്വീകരിച്ച് വരുന്നതുമാണ്.

നിർമ്മാണം പൂർത്തീകരിച്ച തീയതി മുതൽ അനധികൃത നിർമ്മാണത്തിന് റെഗുലറൈസേഷൻ നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19-1 അനധികൃത മൊബൈൽ ടവറിന്റെ നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല

PW2-9642/21 നമ്പർ ഫയൽ പ്രകാരം വാർഡ് നമ്പർ 16 ൽ സർവേ നം.1215/10 ൽ പ്പെട്ട സ്ഥലത്ത് Summit Digital Infrastructure (P)L ന്റെ 32.78 ച.മീ ൽ ഒരു മൊബൈൽ ടവർ നിർമ്മിക്കുന്നതിന് 26.07.2021 ൽ അപേക്ഷ നൽകുകയും എന്നാൽ ടി പ്ലാൻ 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതിരുന്നതിനാൽ നഗരസഭ അപേക്ഷ നിരസിച്ചതുമാണ്. അപാകത പരിഹരിച്ച് പ്ലാൻ സമർപ്പിക്കുന്നതിന് നഗരസഭ പല പ്രാവശ്യം നോട്ടീസ് നൽകിയെങ്കിലും നഗരസഭയുടെ അനുമതി ഇല്ലാതെ തന്നെ ഇവർ ടവർ നിർമ്മാണം ആരംഭിക്കുകയും 08.02.2022 ൽ പണി പൂർത്തിയാക്കിയിട്ടുള്ളതായും ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ഇപ്രകാരം UA നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന വിവരം ആരാഞ്ഞ് നൽകിയ എൻക്വയറി നമ്പർ 14/19.10.2022 ന്

ലഭ്യമാക്കിയ മറുപടിയിൽ 08.02.2022 ലെ ഓവർസീയറുടെ റിപ്പോർട്ടിൽ മോബൈൽ ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലും ആയിരുന്നു.സമർപ്പിച്ച പ്ലാനിൽ അപാകതകൾ ഉള്ളതിനാലാണ് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കാതിരുന്നത്. ഇത് 25.06.2022 ലെ ഫയൽ അദാലത്തിൽ പരിഗണിക്കുകയും UA ടാക്സ് ഈടാക്കുന്നതിന് അദാലത്ത് കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മൊബൈൽ ടവറിന് വൈദ്യുതി കണക്ഷൻ നൽകരുതെന്ന് കെ.എസ്.ഇ.ബി ക്ക് കത്ത് നൽകിയിരുന്നതും അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന് കാണിച്ച് അപേക്ഷകൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വരികയാണെന്നും റിപ്പോർട്ട് ചയ്തിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ ചട്ടം 20 (3)പ്രകാരം ഉള്ള നടപടികൾ ഇതിന്മേൽ സ്വീകരിക്കേണ്ടതാണ്. അപ്രകാരം വസ്തു നികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ടി കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണ്.2018 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്( റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ )റൂൾസ് ലെ ചട്ടം 4 പ്രകാരം Unauthorised Construction റെഗുലറൈസ് ചെയ്യുന്നതിന് ടെലികമ്മ്യൂണിക്കേഷൻ ടവറിന് 7,000/- രൂപ ഈടാക്കി അപേക്ഷ വാങ്ങേണ്ടതാണ്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ഭൂ ആസ്തികളുടെ സംരക്ഷണം - അപാകതകൾ

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം നഗരസഭാ അധ്യക്ഷൻ ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ താഴെ പറയുന്ന സ്ഥലങ്ങളുടെ ആധാരം/പട്ടയം എന്നിവയുടെ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ, ഭൂനികുതി അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ലഭ്യമാക്കുകയുണ്ടായില്ല.

| ഭൂമിയുടെ വിവരണം | വിസ്തീർണ്ണം. | | |
|---|---|---|---|
| | ഹെ. | ആർ | സ്ക്വ.മീ |
| മുനിസിപ്പൽ പാർക്ക് | | 76 | |
| ഹൈറേഞ്ച് ബസ്റ്റാന്റ് | 1 | 64 | 88 |
| കാർഷീക വിപണന കേന്ദ്രം | 1 | 61 | 88 |
| ലോറി സ്റ്റാന്റ് | | 90 | |
| കാലിച്ചന്ത | | 66 | |
| മുനിസിപ്പൽ ബസ്റ്റാന്റ് മാർക്കറ്റ് | | 80 | 94 |
| ഓഫീസ് കെട്ടിടം | | 16 | 18 |

നഗരസഭയുടെ എല്ലാ സ്ഥലങ്ങളും ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഉദാഹരണമായി 1999-2000 വർഷത്തിൽ നഗരസഭ ടൗൺ ഹാൾ നിർമ്മാണത്തിനായി വാങ്ങിയ 1.69ഏക്കർ സ്ഥലം (റീ.സ 1015/2.4, 1015/3ബി 2, 1015,1 015/2, 1015/3 കോതമംഗലം വില്ലേജ്) നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് 20.10.2022ൽ 31-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതും എല്ലാ ഭൂസ്വത്തുക്കളുടെയും പട്ടയം/ആധാരം തയ്യാറാക്കി സൂക്ഷിക്കേണ്ടതും എല്ലാ സ്ഥലങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 സ്ഥലം ലഭ്യമായില്ല - എം.സി.എഫ്. നിർമ്മാണം തുടങ്ങുന്നതിന് സാധിച്ചിട്ടില്ല.

പ്രൊജക്ട് നം. : 188/22

പ്രൊജക്ടിന്റെ പേര് : എം.സി.എഫ്. നിർമ്മാണം.

ഭരണാനുമതി നം. : 23/19.11.2019

വകയിരുത്തിയിരിക്കുന്ന തുക : 60,46,127/- രൂപ.

2019-20വർഷത്തിൽ വിഭാവനം ചെയ്ത ഈ പ്രൊജക്ടിൽ(പ്രൊജക്ട് നം.367/20) പതിനൊന്ന്

വാർഡുകളിൽ ഓരോന്ന് വീതം എം.സി.എഫ്.കൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 58,50,000/- രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിരുന്നു. തുടർന്ന് ഈ പ്രവൃത്തി ഇ-ടെൻഡർ നടത്തുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ബിജുമോൻ പി.എ. എന്ന കരാറുകാരനുമായി കരാർ ഉടമ്പടി ചമക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട് (കരാർ ഉടമ്പടി നം.4/2020-21 തീ.19.6.2020, വർക്ക് ഓർഡർ നം. പി.ഡബ്ല്യു.3/3302/20 തീ.19.6.2020) എന്നാൽ ഈ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി രണ്ട് സ്ഥലങ്ങളിൽ ചെന്നപ്പോൾ (വാർഡുകൾ വ്യക്തമാക്കിയിട്ടില്ല) പ്രസ്തുത സ്ഥലങ്ങളിൽ എം.സി.എഫ്. കെട്ടിടം പണിയുന്ന വിവരം ബന്ധപ്പെട്ട വാർഡ് കൗൺസിലർമാർ അറിഞ്ഞിട്ടില്ലയെന്നും നിർമ്മാണം നടത്തേണ്ട ലൊക്കേഷൻ മനസ്സിലാക്കുന്നതിന് സാധിച്ചിട്ടില്ലയെന്നും കരാറുകാരൻ തന്റെ 5.11.2020ലെ കത്തിൽ അസി.എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. മാത്രമല്ല എല്ലാ വാർഡുകളിലും കെട്ടിടം പണിയേണ്ട സ്ഥലത്തിന്റെ ലൊക്കേഷൻ മാപ്പും സ്കെച്ചും സഹിതം പ്രവൃത്തി സ്ഥലം കൈമാറുന്നതിനും ഈ കത്തിൽ അപേക്ഷിച്ചിരുന്നുവെങ്കിലും ആയത് നടന്നതായി കാണുന്നില്ല. എന്നാൽ 31 വാർഡുകളുള്ള നഗരസഭയിൽ ഒരു വാർഡിൽ പോലും ഈ പ്രവൃത്തിക്കായി സ്ഥലം വിട്ടു കിട്ടിയിട്ടില്ലയെന്ന് പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 24.6.2021 ലെ മിനിട്സിൽ വ്യക്തമാക്കിയിട്ടുമുണ്ട്. തുടർന്ന് നഗരസഭാ കൗൺസിലിന്റെ 22/22.1.2022 തീരുമാന പ്രകാരം 10, 11 വാർഡുകളിൽ പ്രവൃത്തിക്കുള്ള സ്ഥലം കണ്ടെത്തിയതിനാൽ ഈ വാർഡുകളിൽ പ്രവർത്തി തുടങ്ങുന്നതിന് അനുമതി നൽകുന്നതിനും നിലവിലുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മിക്കേണ്ട എം.സി.എഫ്.കളുടെ എണ്ണം 10 ആയി പുനർനിർണ്ണയിച്ച് 58,50,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് 12, 15, 10 എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട് എന്ന നോട്ട് ഫയലിലെ രേഖപ്പെടുത്തൽ ഒഴികെ മറ്റൊരു പുരോഗതിയും നാളിതുവരെ ഈ പ്രവൃത്തിക്കുള്ളതായി ഫയൽ പരിശോധിച്ചതിൽ മനസ്സിലാവുന്നില്ല. (കരാർ ഉടമ്പടി ചമച്ച് 18മാസങ്ങൾക്ക് ശേഷം വാർഡ് നം.11ൽ മാത്രം സ്ഥലം കൈമാറി ലഭിച്ചതിനാൽ ആ എം.സി.എഫ്-ന്റെ നിർമ്മാണ പ്രവർത്തി 80% പൂർത്തീകരിച്ചതായും മറ്റ് എം.സി.എഫ്.കളുടെ നിർമ്മാണത്തിൽ നഗരസഭ താല്പര്യമെടുക്കുന്നില്ലാത്തതിനാൽ ചെയ്ത പ്രവൃത്തിയുടെ തുക ലഭ്യമാക്കി തന്നെ കരാറിൽനിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള കത്ത് ഫയലിൽ ലഭ്യമാണ്). ഇത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറിയിൽ (നം. 25 തീയതി 19.10.2022) ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) 2019-20വർഷത്തെ പ്രൊജക്ട് പ്രകാരം ഏതൊക്കെ വാർഡുകളിൽ എം.സി.എഫ് നിർമ്മിക്കുന്നതിനാണ് തീരുമാനമെടുത്തിരുന്നത്.

2) സ്ഥലങ്ങൾ നിർണ്ണയിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്യുവാനുണ്ടായ കാരണം.

3) പുതുക്കിയ ടെൻഡർ പ്രകാരം എം.സി.എഫ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിരിക്കുന്ന വാർഡുകൾ.

4) നിലവിൽ എല്ലാ വാർഡുകളിലും സ്ഥലം ലഭ്യമായിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു.

5) പ്രവൃത്തിയുടെ നിലവിലുള്ള പുരോഗതി.

കെട്ടിടം നിർമ്മിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്ത് കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ച് സ്ഥലകൈമാറ്റ ഉത്തരവ് ഉൾപ്പെടെ നൽകിയത് മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധവും ആസൂത്രണത്തിലെ അപാകതയുമാണ്.

## 1-22 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

2021-22 വർഷത്തെ ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ പ്രകാരം 394 പ്രവൃത്തികളിലായി 1,94,417 തൊഴിൽ ദിനങ്ങളായിരുന്നു വിഭാവനം ചെയ്തിരുന്നത്. ഇതിൽ 28,737 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടെ ചെലവ് രേഖകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

(എ) സർക്കാർ ഉത്തരവ് (കൈ) നം.216/2017/തസ്വഭവ തീ. 03.11.2017 പ്രകാരം നഗരസഭാ സെക്രട്ടറി സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല (ഇവയിൽ ക്രമ നം.1 മുതൽ 4 വരെയുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല).

1) മസ്റ്റർ റോൾ വിതരണ രജിസ്റ്റർ

2) മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ

3) തൊഴിൽ കാർഡ് അപേക്ഷാ രജിസ്റ്റർ

4) തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ

5) തൊഴിൽ രജിസ്റ്റർ

6) പ്രവൃത്തി രജിസ്റ്റർ

7) ആസ്തി രജിസ്റ്റർ

8) പദ്ധതി രജിസ്റ്റർ

9) പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കൽ രജിസ്റ്റർ

അനിവാര്യമായും സൂക്ഷിച്ചിരിക്കേണ്ട ഈ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ 2021-22 ഉൾപ്പെടെ നാളിതു വരെയുള്ള വർഷങ്ങളിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, നൽകിയ തൊഴിൽ കാർഡുകളുടെ എണ്ണം, നൽകിയ തൊഴിൽ ദിനങ്ങളുടെ എണ്ണം, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം എന്നിവക്ക് പ്രവൃത്തികളുടെ ചെലവ് ഫയൽ അല്ലാതെ ഔദ്യാഗികകമായ രേഖപ്പെടുത്തലുകൾ ഒന്നുമില്ല.

(ബി) മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിലെ 13.2 മുതൽ 13.12 വരെയുള്ള ഖണ്ഡികളിൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. സോഷ്യൽ ഓഡിറ്റിന്റെ ആവശ്യകത, ടീമിന്റെ സംഘാടനം, നടത്തേണ്ട രീതി, റിപ്പോർട്ടിന്റെ ഉള്ളടക്കം, വാർഡ് സഭകളിൽ റിപ്പോർട്ട് ചർച്ച ചെയ്യൽ, റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കൽ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ വളരെ വിശദമായി ഈ ഖണ്ഡകകളിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ 2021-22വർഷത്തെ തൊഴിലുറപ്പ് പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് നടന്നിട്ടില്ലയെന്നത് ഗുരുതരമായ അപാകതയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2022 നവംബർ മുതൽ ഓഡിറ്റ് വർഷത്തെ സോഷ്യൽ ഓഡിറ്റ് തുടങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതികളുടെ സംയോജന സാധ്യതകൾ പരിശോധിച്ചതായി കാണുന്നില്ല.
മാർഗ്ഗരേഖ ഖണ്ഡിക 7.1.2 പ്രകാരം ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ ഖണ്ഡിക നം.15 പ്രകാരം നഗരസഭയിലെ പദ്ധതികളുടെ സംയോജന സാധ്യതകളും പരിശോധിക്കേണ്ടതാണ്. എന്നാൽ കോതമംഗലം നഗരസഭയിൽ ഇത് പരിശോധിച്ചതായി കാണുന്നില്ല. ഉദാഹരണമായി മഴക്കാല പൂർവ്വ ശുചീകരണം എന്ന പ്രവൃത്തിക്കായി 2021-22 വർഷത്തിൽ തനത് ഫണ്ടിൽനിന്നും 9,30,179/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 4,77,459/- രൂപ കൂലിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വരും വർഷങ്ങളിൽ കാർഷികരംഗമുൾപ്പെടെയുള്ള മേഖലകളുമായി സംയോജന സാധ്യതകൾ പരിശോധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.)

## 1-23 വെള്ളക്കരം കുടിശിക നിലനിൽക്കുന്നു.

നഗരസഭയിൽ നിലവിലുള്ള 46 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 33,319 /- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിവരുന്നുണ്ട്. ഏപ്രിൽ 2022ൽ ഉണ്ടായിരുന്ന 51 ടാപ്പുകൾ 21.06.22ൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിനെത്തുടർന്ന് 46 ആയി കുറഞ്ഞിട്ടുണ്ട്. പക്ഷേ വെള്ളക്കര കുടിശികയിനത്തിൽ നഗരസഭയ്ക്ക് വലിയ തുക ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ മൂവാറ്റുപുഴ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയറുടെ 13.09.2022ലെ RO/2/PHDN/MVPA നം. കത്ത് പ്രകാരം 31.08.2022 ലെ കുടിശികയായ 3,29,09,004/- രൂപയിൽ 85,81,367/- രൂപ ഒറ്റത്തവണ അടവാക്കിയാൽ ശേഷിക്കുന്ന 2,43,28,537/- രൂപ ഒഴിവാക്കി നല്കാമെന്ന് അറിയിച്ചിട്ടുണ്ട്. 31.08.2022 വരെയുള്ള കാലയളവിൽ 3,29,09,004/- രൂപ കുടിശിക വരാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത് പരിശോധിച്ച് നഗരസഭയ്ക്ക് കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള വിവിധ ഗ്രാന്റുകളിൽ സർക്കാർ ഈടാക്കിയ തുക കുടിശിക തുകയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കി ശരിയായ തുക മാത്രം ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാക്ഷരതാ പ്രേരക്-മാരായി സേവനം നടത്തുന്നവരുടെ മാസവേതനം ജില്ലാ സാക്ഷരതാ മിഷനിൽ ഫണ്ടില്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും തനതു ഫണ്ടിൽ നിന്നും ഇപ്രകാരം മുൻകൂറായി നൽകുന്ന മാസവേതനം സാക്ഷരതാ മിഷനിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറക്ക് തനതു ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ (എം.എഫ്.) വകുപ്പിന്റെ 26.02.2021ലെ 626/2021 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ നഗരസഭയിലെ തുടർ വിദ്യാകേന്ദ്രങ്ങളിലെ സാക്ഷരതാപ്രേരക്-മാർക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം 2021ലെ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ മാസവേതനം നല്കിയിട്ടുണ്ട്.

1) 34,740/- രൂപ – വൗച്ചർ നം.22100035 / 13.04.21

2) 31,950/- രൂപ – വൗച്ചർ നം.22100092 / 06.05.21

ടി തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.5 / 17.10.22) നാളിതുവരെ തുക തിരികെ

ലഭിച്ചിട്ടില്ലെന്നും സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 ലൈബ്രറി സെസ്സ് ഒടുക്കുന്നില്ല.

നഗരസഭ 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെയും 2022-23 അർദ്ധ വർഷത്തെയും ലൈബ്രറി സെസ്സ് നാളിതു വരെ ഒടുക്കിയിട്ടില്ല (ഫയൽ നം. R1-4246/96). 2021-22ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 36,82,562/- രൂപ ഈയിനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. 1989ലെ കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്റ്റിലെ വകുപ്പ് 48(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട ഉടമകളിൽ നിന്നും കെട്ടിടങ്ങളുടെ വസ്തുനികുതിയുടെ കൂടെ ഈടാക്കുന്ന ലൈബ്രറി സെസ്സ് തുക സംസ്ഥാന ലൈബ്രറി കൗൺസിലിന് നല്കേണ്ടതാണ്. തദ്ദേശസ്വയംഭരണവകുപ്പ് 29.12.2000 ൽ പുറപ്പെടുവിച്ച സർക്കുലർ നം.17263/L3/തസ്വഭവ പ്രകാരം ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രന്ഥശാലാ സംഘം ആക്റ്റിലെ വകുപ്പ 48(1) പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതാണെന്നും അത്തരത്തിലുള്ള താമസത്തിന് സെക്രട്ടറിയും ചെയർപേഴ്സണും ബാധ്യസ്ഥരായിരിക്കുമെന്നും പറയുന്നുണ്ട്. ലൈബ്രറി സെസ്സ് ഒടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.28 / 19.10.22) ഹാജരാക്കിയ മറുപടിയിൽ 01.04.2013 പ്രാബല്യത്തിൽ നടപ്പാക്കിയ വസ്തുനികുതി പരിഷ്കരണത്തിന് 3 വർഷത്തേക്ക് ഇളവ് നൽകേണ്ടി വന്നതും തനത് വരുമാനത്തിലെ പ്രധാന ഇനമായിരുന്ന വിനോദ നികുതി 01.04.2017 മുതൽ നിർത്തലാക്കിയതും കോവിഡ് മഹാമാരി മൂലം വാടക, കിസ്റ്റ് മുതലായവയിൽ സർക്കാർ ഇളവുകൾ നൽകിയതും തനത് വരുമാനത്തെ കാര്യമായി ബാധിച്ചുവെന്നും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അവശേഷിക്കുന്ന ലൈബ്രറി സെസ്സ് ഒടുക്കുന്നതാണെന്നും അറിയിച്ചു. തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നം., പേര് | 0084/22, താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | |
| അടങ്കൽ | ₹2,00,000/- (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) | |
| ചെലവ് | ₹2,00,000/- | 1)ബിൽ നം. 20/21-22; 21.01.22; ₹ 68,968/-<br>2)ബിൽ നം. 22/21-22; 16.02.22; ₹ 9,703/-<br>3)ബിൽ നം. 25/21-22; 28.02.22; ₹ 14,990/-<br>4)ബിൽ നം. 30/21-22; 22.03.22; ₹1,06,339/- |
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട് , താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | |

ഓഡിറ്റ് വർഷം ക്രമ നം.4 ബില്ല് പ്രകാരം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ സൂപ്രണ്ട് പിൻവലിച്ച തുകയിൽ നിന്നും 92,090/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് പ്രൊഫോർമ നം. PRF 6896/15.03.22 പ്രകാരമുള്ള മരുന്ന് ലഭിക്കുന്നതിനായി കൈമാറി. എന്നാൽ ഇൻവോയ്സ് നം.6341/19.07.22 പ്രകാരം 14,527/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 77,563/- രൂപയുടെ മരുന്ന് ലഭിക്കുന്നത് വരെ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26-1 മരുന്ന് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം ,പേര് | എസ് 0014/2021 , ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ / ഫണ്ട് | ₹ 3,00,000/- , മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം |
| ബിൽ നം,തീയതി,ചെലവ് | ₹ 3,00,000/- , 07/21-22/10.11.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി |

കോതമംഗലം നഗരസഭയിൽ ഹോമിയോ ഡിസ്പെൻസറിയ്ക്ക് 2021-22 മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് 3,00,000/- രൂപ മുൻകൂറായി അനുവദിച്ചിരുന്നു. 13.09.2022ൽ ലഭ്യമാക്കിയ ഇൻവോയ്സ് 743/21-22 പ്രകാരം 1,21,211/- രൂപയുടെ മരുന്ന് മാത്രമാണ് സ്ഥാപനത്തിൽ നിന്നും ലഭ്യമായത്. ബാക്കി മരുന്നു ലഭ്യമാക്കാത്തിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.24 തീയതി 20.10.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 1,78,789/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 അനുപൂരക പോഷകാഹാരം - ഗുണനിലവാരം ഉറപ്പാക്കിയില്ല.

അനുപൂരക പോഷകാഹാര വിതരണത്തിനായി പ്രൊജക്ട് നം.12/22 പ്രകാരം 37,37,455/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ അങ്കണവാടികളിൽ വെങ്ങോലയിലെ AAA Common Facility Centreൽ നിന്നുമാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010ലെ ICDS B3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (ഫുഡ് പ്രോഡക്ട്സ് സ്റ്റാൻഡേർഡ്സ് ആൻഡ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011 ലെ അദ്ധ്യായം 1, ഖണ്ഡിക 2.1.19 ഫുഡ്സ് ഫോർ ഇൻഫന്റ് ന്യൂട്രീഷ്യൻ ഇനം 4ൽ Processed Cereal Based Complementary Food ന്റെ ഗുണനിലവാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് ഫയലിൽ ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളില്ല. ഗുണനിലവാര സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 9 തീയതി 19.10.22) ഹാജരാക്കുകയുണ്ടായില്ല. അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഫുഡ് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നിർബന്ധമായും ചെയ്യേണ്ടതും ആവശ്യപ്പെടുന്ന പക്ഷം റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

1-28 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ - വിതരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0083/22, വയോജനങ്ങൾക്ക് കട്ടിൽ (SC) |
| അടങ്കൽ | 4,00,000 /- (വികസനഫണ്ട് -SCP) |
| ചെലവ് | 4,00,000 /- ;ബിൽ നം.29/21-22; 30.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കുന്നതിന് നടപ്പാക്കിയ ഈ പ്രൊജക്ട് പ്രകാരം ARTCOയിൽ നിന്നും ഇൻവോയ്സ് നം.750/17.03.2022 പ്രകാരമുള്ള 92 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. 91 പേർ മാത്രമേ കട്ടിൽ കൈപ്പറ്റിയിട്ടുള്ളൂ. അപേക്ഷ, ഗുണഭോക്താക്കളുടെ ആധാർ കാർഡ് എന്നിവ പ്രകാരം ഏതാനും ഗുണഭോക്താക്കൾ 60 വയസ്സിന് താഴെയുള്ളവരാണ്. ഒരു കട്ടിൽ വിതരണം ചെയ്യാതെ നഗരസഭാ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.9/18.10.22) ഹാജരാക്കിയ മറുപടിയിൽ ഗുണഭോക്താവ് സ്ഥലത്തില്ലാതിരുന്നതിനാലാണ് കൈപ്പറ്റാത്തതെന്നും ഉടനെ കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ വയസ്സ് സംബന്ധിച്ച് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കട്ടിലിന്റെ വിതരണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതു വരെ ഒരു കട്ടിലിന്റെ ചെലവ് 4,348/- രൂപ തടസ്സപ്പെടുത്തുന്നു.

1-29 അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

നഗരസഭയിലെ വാർഡ് 26ലെ 98ാം അങ്കണവാടിയുടെ വാടക നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പദ്ധതി. ഇത് പ്രകാരം മുഹമ്മദ് കെ.ഇ. എന്ന വ്യക്തിയുടെ കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നതിന് 26.02.2021ൽ ടി വ്യക്തിയുമായി ICDS സൂപ്പർവൈസർ കരാറിലേർപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനിയർ നിർണ്ണയിച്ച് നൽകിയ വാടക പ്രകാരം പ്രതിമാസം 1,000/- രൂപ വീതം ജൂൺ മുതൽ മാർച്ച് വരെ കെട്ടിട ഉടമയ്ക്ക് നല്കിയിട്ടുണ്ട്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനും അങ്കണവാടികളിൽ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി തദ്ദേശസ്വയംഭരണവകുപ്പ് 22.03.2011ൽ പുറപ്പെടുവിച്ച നം.31055/ഡി.സി.2/2011/തസ്വഭവ ഉത്തരവ് പ്രകാരം എല്ലാ വർഷവും മെയ് 10നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എൻജിനിയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. ഈ അങ്കണവാടിക്കും മറ്റ് അങ്കണവാടികൾക്കും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറിനം.23/19.10.22) ഹാജരാക്കുകയുണ്ടായില്ല. അങ്കണവാടികളിലെ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കേണ്ടതും വാർഷിക അറ്റകുറ്റപ്പണികൾ നടപ്പാക്കേണ്ടതുമാണ്.

1-30 ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ തുക നല്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 0010/22, ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 4,64,400 /- (വികസനഫണ്ട് -ജനറൽ) |
| ചെലവ് | 4,64,400 /- ; ബിൽ നം.13/21-22; 16.10.21 |
| നിർവ്വഹണോദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

നഗരസഭയിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ആകെ 81 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 74 പേർക്ക് 6,000/- രൂപ വീതം (ആകെ 4,44,000/-), 4 പേർക്ക് 3,000/- രൂപ (12,000/-), 2 പേർക്ക് 2400/-രൂപ (4,800/-), ഒരാൾക്ക് 3,600/-രൂപ എന്നിങ്ങനെയാണ് തുക നല്കിയിട്ടുള്ളത്.14.02.18 ൽ പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ ഉത്തരവ് പ്രകാരം ഈ പ്രൊജക്ടിൽ APL/BPL വേർതിരിവില്ലാതെ 100 % ധനസഹായം അനുവദിക്കാവുന്നതാണ്. ഇതുപ്രകാരം മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് (1,000/- വീതം), പ്രതിമാസ യാത്രാബത്ത (1,000/- വീതം), വസ്ത്രങ്ങൾക്കും പഠനസാമഗ്രികൾക്കുമുള്ള വാർഷിക ബത്ത (3,500/-), ഉല്ലാസയാത്രാചെലവിന് 1,000/- രൂപ എന്നിവ ഉൾപ്പടെ 28,500/- രൂപയും ശാരീരികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സ് / ക്ലാസ്സ് അനുസരിച്ച് യഥാർത്ഥചെലവോ പരമാവധി 19,500/- രൂപയോ നല്കാവുന്നതാണ്.എന്നാൽ നഗരസഭയിൽ മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 6,000/-രൂപയും ശാരീരികവെല്ലുവിളി നേരിടുന്നവർക്ക് അതിലും കുറഞ്ഞ തുകയുമാണ് നല്കിയിട്ടുള്ളത്.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.8,19.10.22) ഹാജരാക്കിയ മറുപടിയിൽ ഫണ്ട് കുറവായതിനാലാണ് കുറഞ്ഞ തുക അടങ്കൽ ആയി പദ്ധതി നടപ്പാക്കേണ്ടി വന്നതെന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചു.2022-23 വർഷം സ്പിൽ ഓവറായി പദ്ധതി നടപ്പാക്കുന്നുണ്ടെന്നും അർഹമായ തുക വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു. അർഹരായവർക്ക് എല്ലാ വർഷവും 100 % ധനസഹായം അനുവദിക്കാവുന്ന രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 നഗരസഭാ പെൻഷൻ ഫണ്ട്

ഓഗസ്റ്റ് 2021 ലെ കണക്ക് അനുസരിച്ച് നഗരസഭയിൽ 43 പെൻഷൻകാരും 13 ഫാമിലി പെൻഷൻകാരുമുൾപ്പെടെ 56 റെഗുലർ പെൻഷൻകാരും 31കണ്ടിജന്റ് പെൻഷൻകാരും ഉണ്ട്.ഓരോ മാസവും റെഗുലർ പെൻഷൻ ഇനത്തിൽ 11 ലക്ഷത്തിലധികം രൂപയും കണ്ടിൻജന്റ് പെൻഷൻ ഇനത്തിൽ 5 ലക്ഷത്തോളം രൂപയും ചെലവ് വരുന്നു.ഓഡിറ്റ് വർഷം പെൻഷൻ വിതരണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| മാസം | റെഗുലർ പെൻഷൻ | കണ്ടിൻജന്റ് പെൻഷൻ |
|---|---|---|
| ഏപ്രിൽ 2021 | 11,86,489 /- | 394975 /- |
| മെയ് 2021 | 11,70,362 /- | 509847 /- |
| ജൂൺ 2021 | 11,63,204 /- | 450466 /- |
| ജൂലൈ 2021 | 11,62,033 /- | 450466 /- |
| ഓഗസ്റ്റ് 2021 | 11,72,132 /- | 451591 /- |
| സെപ്തംബർ 2021 | 11,02,421 /- | 451591 /- |
| ഒക്ടോബർ 2021 | 11,94,768 /- | 451591 /- |
| നവംബർ 2021 | 11,38,979/- | 451591 /- |
| ഡിസംബർ 2021 | 11,38,979 /- | 451591 /- |
| ജനുവരി 2022 | 11,20,321 /- | 447936 /- |
| ഫെബ്രുവരി 2022 | 10,93,274 /- | 534308 /- |
| മാർച്ച് 2022 | 11,35,470 /- | 491122 /- |
| ആകെ | 1,37,78,432 /- | 55,37,075 /- |

റെഗുലർ പെൻഷൻ വിതരണത്തിനായി 2021-22 വർഷം 1,37,78,432 /- രൂപ ചെലവഴിച്ചുവെങ്കിലും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ആകെ ലഭിച്ചത് 54,80,218 /- രൂപ മാത്രമാണ്(ചന്ദ്രമോഹനൻ എന്ന വ്യക്തിക്ക് ലഭിച്ച DCRG തുകയായ 8,88,340 /- രൂപയ്ക്ക് പുറമേ).പെൻഷൻ ഫണ്ട് കൃത്യമായി ലഭിക്കാത്തത് മൂലം തനത് ഫണ്ടിൽ നിന്നും പെൻഷൻ നല്കേണ്ടി വരുന്നു.ഫണ്ടിന്റെ അപര്യാപ്തത മൂലം ജൂൺ 2019 മുതൽ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. വാർഷികധനകാര്യപത്രികയിൽ 31.03.22 ൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാൻ 1,12,48,554 /- രൂപ ബാധ്യതയുള്ളതായി കാണിച്ചിട്ടുണ്ട്.പെൻഷൻ അലോട്ട്മെന്റ് കൃത്യമായി ലഭ്യമാക്കുന്നതിനും പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കുന്നതിനും അടിയന്തിരനടപടി നഗരസഭാ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

## 1-32 പാഴ് വസ്തു സംഭരണ കേന്ദ്രം - സുരക്ഷാക്രമീകരണം ഉറപ്പുവരുത്തേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO247/22, ഖരമാലിന്യ സംസ്കരണം - ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ തുക | 10,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ് തുക) |

| | |
|---|---|
| ആകെ ചെലവ് തുക | 9,81,105/- |
| ബിൽ നമ്പർ/ തീയതി | 170/2021-22 തീ. 06.12.2021 തുക ₹ 5,11,105/-<br>742/2021-22 തീ. 29.03.2022 തുക ₹ 4,70,000/- |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്ലാസ്റ്റിക് മാനേജ്മെന്റ് റൂൾസ് 2016 എന്നിവ നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ നഗരസഭകളിലും ഒരു റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (RRF) എങ്കിലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണെന്ന് നഗരകാര്യ ഡയറക്ടറുടെ 30.12.2019 ലെ ഡി സി1-21704/2019 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ ലഭ്യമായിട്ടും RRF ന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത കോതമംഗലം ഉൾപ്പെടെയുള്ള നഗരസഭകളോട് ആയത് അടിയന്തിരമായി സ്ഥാപിച്ച് വിവരം ലഭ്യമാക്കാനും നിർദ്ദേശിച്ചിരുന്നു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വൈദ്യുതീകരണം എം ബുക്ക് നമ്പർ 7/20-21 പ്രകാരം 16.11.2020 ലാണ് പൂർത്തിയായിട്ടുള്ളത്. RRF സ്ഥാപിച്ച് മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ 981105/- രൂപ ഈ പ്രൊജക്ട് പ്രകാരം നഗരസഭ ചെലവഴിച്ചിട്ടുണ്ട്.നഗരസഭയിലെ 6 ാം വാർഡിൽ കുമ്പളത്തുമുറി ഭാഗത്ത് സ്ഥിതി ചെയ്യുന്ന RRF ന്റെ ഡംപിംഗ് യാർഡിൽ 12.06.2022 ന് തീപിടുത്തമുണ്ടാവുകയും ഫയൽ നമ്പർ PW1/11219/13.06.2022 ൽ തീപിടുത്തം ഉണ്ടായത് മൂലമുള്ള നഷ്ടം താഴെപ്പറയും വിധം കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

മെഷീനറി - 12 ലക്ഷം
വയറിംഗ് & ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് – 15 ലക്ഷം
സിവിൽ പ്രവൃത്തികൾ – 33 ലക്ഷം
ആകെ : 60 ലക്ഷം

ഹെൽത്ത് വിഭാഗത്തിലെ എച്ച്-1-11242/22 നമ്പർ ഫയൽ പ്രകാരം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് & ബെയ്ലിംഗ് മെഷീനുകൾ, വെയിംഗ് മെഷീനുകൾ എന്നിവ തീ പിടുത്തത്തിൽ പൂർണ്ണമായും പ്രവർത്തനരഹിതമായി എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളും സുരക്ഷാ ക്രമീകരണങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്ത സാഹചര്യത്തിൽ തീപിടുത്തം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന് 02.02.2022 ലെ ഡബ്ല്യു എം 1/40/2022 /തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ 12 ഇനം ഇലക്ട്രിക്കൽ സുരക്ഷാ നിർദ്ദേശങ്ങൾ, 12 ഇനം ഫയർ & റെസ്ക്യൂ സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ RRF ൽ ഒരുക്കിയിരുന്നോ എന്ന് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 17.10.2022 ൽ 30ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സർക്കുലറിലെ നിർദ്ദേശ പ്രകാരം സുരക്ഷാ സംവിധാനം ഒരുക്കലും ബോർവെൽ സ്ഥാപിക്കലും എന്ന പദ്ധതി (നമ്പർ 306/22) തയ്യാറാക്കുകയും ഇലക്ട്രിക്കൽ ടെക്നിക്കൽ വിംഗിനെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിന് മുൻപ് തന്നെ അപകടം നടന്നുവെന്നും മറുപടിയിൽ വിശദീകരിച്ചു. 2022-23 വർഷം സുരക്ഷാ സംവിധാനം ഒരുക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സർക്കുലറിൽ നിർദ്ദേശിച്ചിരുന്ന താഴെപ്പറയുന്ന ക്രമീകരണങ്ങൾ RRF ൽ ലഭ്യമല്ലായിരുന്നുവെന്ന് മറുപടിയിൽ നിന്ന് വ്യക്തമാണ്.

(I) 100 ചതുരശ്ര മീറ്ററിന് ഒരു ഹൈഡ്രന്റ്
(Ii) 1620 lpm കപ്പാസിറ്റിയുള്ള ഡീസൽ പമ്പും ജലലഭ്യതയും
(Iii) ഫയർ റാക്ക്, ഫയർ ബീറ്ററുകൾ, ഫയർ ബക്സ്
(Iv) ഫയർ എക്സ്റ്റിംഗ്യൂഷർ

സർക്കുലർ പ്രകാരമുള്ള സംരക്ഷാ സംവിധാനം RRF ൽ ഒരുക്കിയിരുന്നെങ്കിൽ അപകടത്തിൽ 60 ലക്ഷം രൂപയുടെ നാശനഷ്ടം ഒഴിവാക്കാമായിരുന്നു. ഖരമാലിന്യ സംസ്കരണം ചട്ടപ്രകാരം നടപ്പാക്കേണ്ടതിന് RRF, MCF എന്നിവയുടെ തുടർപ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ മതിയായ സുരക്ഷ ഉറപ്പുവരുത്തി പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

### 1-33 വീട് വാസയോഗ്യമാക്കൽ - എഞ്ചിനിയർ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തുന്നില്ല.

പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ തൻവർഷം 4 വീട് വാസയോഗ്യമാക്കൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ.ഉ.(കൈ)നം. 22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.7 ലെ ക്രമ നമ്പർ 6 പ്രകാരം അവസാന ഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനിയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ച് ആയിരിക്കണം സബ്സിഡി നിർണ്ണയിക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

1.

| | |
|---|---|
| പ്രോജക്ട് | S23/22വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി വിഭാഗം) |
| അടങ്കൽ | ₹11,00,000/- (എസ് സി പി) |

| | |
|---|---|
| ചെലവ് | ₹7,50,000/- |
| ബിൽ നം./ തീയതി / തുക | 1)576/25.02.2022 തുക ₹1,00,000/-<br>2) 712/25.03.2022 തുക ₹1,50,000/-<br>3) 725/30.03.2022 തുക ₹1,00,000/-<br>4) 750/14.03.2022 തുക ₹3,00,000/- |

2.

| | |
|---|---|
| പ്രോജക്ട് | SO231/22വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി വിഭാഗം) |
| അടങ്കൽ | ₹5,49,855/- (എസ് സി പി) |
| ചെലവ് | ₹4,34,855/- |
| ബിൽ നം./ തീയതി / തുക | 1)94/20.09.2021 തുക ₹84,855/-<br>2) 147/11.11.2021 തുക ₹50,000/-<br>3)153/19.11.2021 തുക ₹50,000/-<br>4) 154/20.11.2021 തുക ₹25,000/-<br>5) 218/20.01.2022 തുക ₹50,000/-<br>6) 555/08.02.2022 തുക ₹25,000/-<br>7) 567/17.02.2022 തുക ₹25,000/-<br>8) 577/25.02.2022 തുക ₹50,000/-<br>9) 726/26.03.2022 തുക ₹50,000/-<br>10) 749/30.03.2022 തുക ₹25,000/- |

3.

| | |
|---|---|
| പ്രോജക്ട് | SO229/22വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി വിഭാഗം) |
| അടങ്കൽ | ₹4,36,735/- (എസ് സി പി) |
| ചെലവ് | ₹1,25,000/- |
| ബിൽ നം./ തീയതി / തുക | 1) 93/20.09.2021 തുക ₹50,000/-<br>2) 711/25.03.2022 തുക ₹25,000/-<br>3) 631/14.03.2022 തുക ₹25,000/-<br>4) 568/17.02.2022 തുക ₹25,000/- |

4.

| | |
|---|---|
| പ്രോജക്ട് | SO230/22വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| അടങ്കൽ | ₹11,90,000/- വികസന ഫണ്ട്-സാധാരണ വിഹിതം) |
| ചെലവ് | ₹1,95,351/- |
| ബിൽ നം./ തീയതി / തുക | 1) 108/07.10.2021 തുക ₹1,20,351/-<br>2)121/26.10.2021 തുക ₹ 75,000/- |

എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയുടെ സബ്സിഡി നിരക്ക് നിശ്ചയിച്ച് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 21.10.2022ൽ 46ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓവർസീയർ പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമായത്. മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന വിധം വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി മാത്രം ആനുകൂല്യം അനുവദിക്കേണ്ടതാണ്.

1-34 പി.എം.എ.വൈ. - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നഗരസഭ നടപ്പാക്കിയ പി.എം.എ.വൈ. പദ്ധതിയിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.

| ക്രമ നം | പേര്, വിലാസം | കൈപ്പറ്റിയ ആകെ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | തങ്കമ്മ & ശെൽവം, കളത്തിപ്പറമ്പിൽ | 270000/- | 22.03.2019 |
| 2 | ഷിജോ ആന്റോ, പുത്തൻപുരയ്ക്കൽ | 150000/- | 16.01.2019 |

| | | | |
|---|---|---|---|
| 3 | ബിന്ദു ആന്റണി, മുല്ലക്കൽ | 150000/- | 08.11.2018 |
| 4 | സ്വപ്ന സജി, അറകാക്കൽ | 30,000/- | 08.11.2018 |
| 5 | അനൂപ് ഗോപാലകൃഷ്ണൻ, ചീങ്കല്ലുങ്കൽ | 150,000/- | 06.12.2018 |
| 6 | പ്രകാശ് പി എ, പാലക്കാട്ടുകുടി | 30,000/- | 06.07.2018 |
| 7 | ശിവപ്രസാദ്, പൂത്തേലി | 30,000/- | 13.07.2018 |
| 8 | ജയൻ പി സി, പണ്ടർക്കുംകുഴി | 30,000/- | 14.11.2018 |
| 9 | അരുന്ധതി മണി, കൊല്ലംകുടിയിൽ | 270000/- | 16.11.2020 |
| 10 | ബിസ്മി ജിനു, കാഞ്ഞിലി | 270000/- | 01.10.2020 |
| 11 | കുഞ്ഞുമോൾ കുര്യാക്കോസ്, വരാപ്പുറത്ത് | 30,000/- | 22.03.2019 |
| 12 | മേരി കുര്യാക്കോസ്, പഴയിടം | 150,000/- | 29.03.2019 |

തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 19.10.2022 ലെ 20ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ക്രമ നമ്പർ 8ലെ ഗുണഭോക്താവ് ശ്രീ. ജയൻ പി സി, പണ്ടർക്കുംകുഴി എന്ന ഗുണഭോക്താവിനെ ഡി പി ആർ-ൽ നിന്ന് ഒഴിവാക്കിയതായി മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഡി പി ആർ-ൽ നിന്ന് ഒഴിവായ വ്യക്തിയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതും തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-35 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ടിന്റെ പേര് | S0237/22, പട്ടികജാതി വിഭാഗത്തിലെ ബിരുദ, ബിരുദാനന്തര, പോളിടെക്നിക് എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ |
| അടങ്കൽ, ഫണ്ട് | ₹ 2,65,000/- (എസ് സി പി) |
| ചെലവ് | ₹ 2,63,446/- |
| ബിൽ നമ്പർ/തീയതി | 634/14.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ |

പട്ടികജാതി വിഭാഗത്തിലെ അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനുള്ള ഈ പദ്ധതി 2020-21 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2021-22 വർഷത്തിലാണ് പൂർത്തിയായിട്ടുള്ളത്. 2020-21 ൽ 16 വിദ്യാർത്ഥികൾക്കും 2021-22 ൽ 6 വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. വിതരണത്തിനായി ലാപ്ടോപ്പുകൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഫയലിൽ ചേർത്തിട്ടുള്ള രേഖകൾ പ്രകാരം 2020-21 വർഷത്തിൽ 16 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുള്ളത് 4,35,664/- രൂപ ചെലവഴിച്ചാണ്. അതായത് ലാപ്ടോപ്പ് ഒന്നിന് 27,229/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. 2021-22 വർഷത്തിൽ 6 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുള്ളത് 2,63,466/- രൂപയ്ക്കാണ്. അതായത് ഒരു ലാപ്ടോപ്പിന് 43,911/- രൂപ ചെലവ് വന്നിട്ടുണ്ട്. ഒരേ പദ്ധതിയിൽ രണ്ട് തവണയായി വാങ്ങൽ നടത്തിയതിനാലാണ് ഒരു ലാപ്ടോപ്പിന് തന്നെ 16,762/- രൂപ അധികം നൽകേണ്ടി വന്നത്. സ.ഉ(പി)നം. 259/2010/ത.സ്വ.ഭ. വ തീയതി 8.11.2010, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമം പാലിക്കാത്തതിനാൽ 1,00,572/- (16762 X 6) രൂപയുടെ അധികച്ചെലവ് വന്നു.

2) ജി ഒ (ആർ ടി) നമ്പർ 482/2022 / തസ്വഭവ തീയതി 28.02.2022 ഉത്തരവ് മുഖേന വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് GeM പോർട്ടലിൽ നിന്നും വാങ്ങുന്നതിനുള്ള സ്പെസിഫിക്കേഷൻ നിഷ്കർഷിച്ചിട്ടുണ്ട്. 4GB DDR4 RAM മെമ്മറിയുള്ള ലാപ്ടോപ്പാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയിൽ 2021-22 വർഷം വാങ്ങി വിതരണം നടത്തിയിട്ടുള്ളത് 8GB RAM മെമ്മറിയുള്ള ലാപ്ടോപ്പുകളാണ്. 2020-21 ൽ വാങ്ങിയ ലാപ്ടോപ്പിന്റെ വിലയേക്കാൾ ഉയർന്ന വില നൽകേണ്ടി വന്നതിന്റെ ഒരു കാരണം സർക്കാർ ഉത്തരവിലെ സ്പെസിഫിക്കേഷൻ പാലിക്കാത്തതിനാലാണെന്ന് കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 19.10.2022 ൽ നൽകിയ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2021-22ൽ 16 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിരുന്നുവെന്നും ടി വർഷം തന്നെ അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയ അപേക്ഷകർക്ക് 6 ലാപ്ടോപ്പുകൾ വാങ്ങുന്നതിന് മതിയായ തുക പദ്ധതിയിൽ ലഭ്യമല്ലാതെ വരികയും 2021 ഫെബ്രുവരി മാസത്തിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനാൽ കൂടുതൽ തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്യാൻ സാധിക്കാതെ വന്നതിനാൽ പദ്ധതി സ്പിൽ ഓവറായി

തുടരുകയാണുണ്ടായതെന്ന് മറുപടിയിൽ വിശദീകരിച്ചു. ജെം പോർട്ടലിൽ 4 GB +Ubuntu Software ലാപ്ടോപ്പ് ലഭ്യമല്ലായിരുന്നുവെന്നും ആയതിനാലാണ് പദ്ധതിയിൽ 6 ലാപ്ടോപ്പുകൾ വാങ്ങിയതിൽ വില വ്യത്യാസം വന്നിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018 തസ്വഭവ തീയതി 02.02.2018 ഖണ്ഡിക 11.3 പ്രകാരം ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിന് മുൻപ് അപേക്ഷകരുടെ അർഹതയും മുൻഗണനയും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഈ നടപടിക്രമങ്ങൾ കൃത്യമായി പിൻതുടരാത്തത് മൂലമാണ് ഇത്തരത്തിൽ ഒരേ പദ്ധതിയിൽ രണ്ട് തവണ വാങ്ങൽ നടത്തേണ്ടി വന്നതും അധികച്ചെലവ് വന്നതും. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-36 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പൂർത്തിയാക്കി അറിയിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S307/22 , നഗരസഭയിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കൽ |
| അടങ്കൽ തുക | 763000/- (ധനകാര്യ കമ്മീഷൻ അവാർഡ് തുക) |
| ആകെ ചെലവ് തുക | 673000/- |
| ബിൽ നമ്പർ/തീയതി | 681/2021-22 തീയതി 22.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന Smart Garbage App പദ്ധതിയിൽ മൊബൈൽ ആപ്പ് പ്രവർത്തനം ആരംഭിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി ജി ഒ (ആർ ടി) നം.2307/2021 എൽ എസ് ജി ഡി തീയതി 18.11.2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6,73,000/- രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)-ന് നൽകിയിട്ടുണ്ട്. മാലിന്യ ശേഖരണം മുതൽ സംസ്കരണം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സഹായിക്കുന്നതാണ് ഈ മൊബൈൽ ആപ്ലിക്കേഷൻ. ഏതൊക്കെ വീടുകളിൽ നിന്നാണ് മാലിന്യം ശേഖരിക്കേണ്ടതെന്നും യൂസർ ഫീ ഈടാക്കേണ്ട വീടുകൾ എന്നിവ സംബന്ധിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്കും അടുത്ത കളക്ഷൻ ദിനം എന്നാണെന്ന് വീട്ടുടമസ്ഥർക്കും മൊബൈൽ എസ്.എം.എസ്. മുഖേന അറിയാൻ കഴിയും. ഇനോക്കുലം വാങ്ങൽ പോലുള്ള സേവനങ്ങളും ഇതിലൂടെ ക്രമീകരിക്കാം. പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും മാലിന്യ സംസ്കരണത്തിന്റെ തൽസമയ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകും എന്നതാണ് ഇതുകൊണ്ടുള്ള മറ്റൊരു നേട്ടം. കെൽട്രോൺ, ശുചിത്വ മിഷൻ, നഗരസഭ എന്നിവർ 18.03.2022 ന് ഒപ്പ് വച്ച ത്രികക്ഷി കരാറിൽ ഹരിതകർമ്മ സേനാംഗങ്ങൾ, മറ്റ് നഗരസഭാ ജീവനക്കാർ എന്നിവർക്കുള്ള പരിശീലനം ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തിയാക്കും എന്നാണ് വ്യവസ്ഥ ചേർത്തിട്ടുള്ളത്. നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവരുടെ പരിശീലനം പൂർത്തിയായിട്ടുണ്ടോയെന്നും, എല്ലാ വാർഡുകളിലും ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് ആപ്പ് പ്രവർത്തനക്ഷമമായോ എന്നും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 17.10.2022 ലെ 20ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പരിശീലനം പൂർത്തിയായിട്ടുണ്ടെന്നും നിലവിൽ 20 വാർഡുകളിൽ QR കോഡ് പതിപ്പിക്കൽ തുടങ്ങിയിട്ടുണ്ടെന്നും 1,12,15 വാർഡുകളിൽ ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും വിവരശേഖരണവും QR കോഡ് പതിപ്പിക്കലും നടന്നുവരുന്നുണ്ടെന്നുമാണ് മറുപടി ലഭ്യമായത്. നഗരസഭയിൽ ആകെ 31 വാർഡുകളാണ് ഉള്ളത്. മുഴുവൻ വാർഡുകളിലും മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റ് പദ്ധതി - നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | SO234/22, വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റ് |
| അടങ്കൽ / ഫണ്ട് | ₹60,84,000/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹17,10,828/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് ₹27,59,400/-,<br>സംസ്ഥാനാവിഷ്കൃത ഫണ്ട് ₹16,13,772/-) |
| ബിൽ നം./തീയതി/ചെലവ് തുക | 1.ബിൽ നം 677/22.03.2022 തുക ₹13,56,000/-<br>2. ബിൽ നം 716/25.03.2022 തുക ₹3,45,600/-<br>ആകെ തൻ വർഷ ചെലവ് - ₹17,01,600/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ |

കോതമംഗലം നഗരസഭ പരിധിയിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതി 2019-20ൽ ആരംഭിച്ച് സ്പിൽ ഓവറായി തുടരുകയാണ്. സംസ്ഥാന ശുചിത്വ മിഷൻ അക്രഡിറ്റഡ് ഏജൻസിയായ ആലുവാ ,സോഷ്യോ എക്കണോമിക്ക് യുണിറ്റ് ഫൗണ്ടേഷൻ വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്.

0.75m3 കപ്പാസിറ്റിയുള്ളതും, വാട്ടർ ജാക്കറ്റോട്ടുകൂടിയതുമായ 657 യൂണിറ്റ് ബയോഗ്യാസ് പ്ലാന്റുകൾ 12,000/-രൂപ നിരക്കിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഈ സ്ഥാപനവുമായി 12.03.2020 ൽ ഉണ്ടാക്കിയ കരാറിലെ 9.2.1 ക്ലോസ് പ്രകാരം ആകെ പദ്ധതി അടങ്കൽ തുകയായ 78,84,000/-രൂപയുടെ 20% തുക 15,76,800/- മുൻകൂറായി ടി സ്ഥാപനത്തിന് 11.04.2020 ൽ നൽകിയിട്ടുണ്ട്. 31.03.2022 വരെ 299 ബയോഗ്യാസ് പ്ലാന്റുകളാണ് പൂർത്തിയായിട്ടുള്ളത്. തൻവർഷം 149 പ്ലാന്റുകൾ നിർമ്മിച്ച് നല്കിയതിന്റെ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ആകെ 1701600/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 20.10.2022 ൽ 38ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റ് ഫയലിൽ നിന്ന് ലഭ്യമല്ല.

2) 06.03.2020 ലെ സർക്കാർ ഉത്തരവ് (കൈ)നം 45/2020 പ്രകാരം വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് APL/BPL വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിന്റെ 90 % സബ്സിഡി (10% ഗുണഭോക്തൃ വിഹിതം) നല്കാവുന്നതാണ്. പിന്നീട് 06.07.2020ലെ സർക്കാർ ഉത്തരവ് (സാ ധാ)നം 1337/2020/തസ്വഭവ പ്രകാരം ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതികൾക്ക് അതിൽ അംഗീകരിച്ച നിരക്ക് പ്രകാരം ഇത്തരം പദ്ധതികൾ നിർവ്വഹണം നടത്താമെന്നും, അല്ലാത്തവയ്ക്ക് 06.03.2020 ലെ ഉത്തരവ് ബാധകമാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണത്തിനായി നഗരസഭക്ക് അംഗീകരിച്ച് കിട്ടിയ ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതിയായതിനാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ഡി.പി.ആർ പ്രകാരം 0.75 $M^3$ന്റെ 400 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ പരമാവധി 400 പേർക്കാണ് 100% സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഈ പദ്ധതിയിൽ 657 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുകയും അത്രയും പേർക്കും 100% സബ്സിഡി അനുവദിക്കാനുതകും വിധം തുക വകയിരുത്തുകയും ചെയ്തിരിക്കുന്നു. തൻവർഷം 149 ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതിന് തുക നൽകിയിട്ടുമുണ്ട്. ഡി.പി.ആർ-ൽ നിന്നും അധികരിച്ച ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണ്. 400 ൽ അധികം പ്ലാന്റുകൾ വിതരണം ചെയ്താൽ പദ്ധതി ഭേദഗതി ചെയ്യുന്നതാണെന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

3) 657 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാണ് 78,84,000/- രൂപ അടങ്കലായി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും 299 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നല്കിയിട്ടുള്ളു.

4) ജി.എസ്.ടി. അടക്കമുള്ള ബിൽതുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. 2,50,000/-രൂപയിലധികരിച്ച കരാറായതിനാൽ 2% ജി.എസ്.ടി. ടി.ഡി.എസ്. ആയി ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ല. സർക്കാർ അംഗീകൃത സ്ഥാപനമായതിനാലാണ് ജി.എസ്.ടി. ടി.ഡി.എസ്. ആയി ഈടാക്കാതിരുന്നതെന്നും സ്ഥാപനം ജി.എസ്.ടി. അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി തുടരുന്നതിനാൽ ഇനിയുള്ള ബില്ലുകളിൽ നിന്ന് ടി.ഡി.എസ്. കുറവ് ചെയ്യേണ്ടതാണ്.

5) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലില്ല ആയത് ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-38 വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിൻ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പേര് | 235/22, വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിൻ |
| അടങ്കൽ, ഫണ്ട് | ₹ 24,62,400/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹ 10,26,820/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് ₹ 13,48,540/-,<br>സംസ്ഥാനാവിഷ്കൃത ഫണ്ട് ₹ 87,040/-) |
| ബിൽ നം, തീയതി, ചെലവ് തുക | 1.ബിൽ.നം558/09.02.2022 തുക ₹1,08,000/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2.ബിൽ.നം699/24.03.2022- ₹4,32,000/-<br>(കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ തൻ വർഷ ചെലവ്-₹5,40,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ |
| ഫയൽ നം | എച്ച്3/362/2020 |

കോതമംഗലം നഗരസഭ പരിധിയിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വീടുകൾക്ക് ബയോകമ്പോസ്റ്റർ ബിന്നുകൾ വിതരണം ചെയ്യുന്നതിനായുള്ള ഈ പദ്ധതി 2019-20ൽ ആരംഭിച്ച് സ്പിൽ ഓവർ ആയി തുടരുകയാണ്. 1,800/- രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന 3768

ബയോകമ്പോസ്റ്റർ ബിന്നുകൾ സ്ഥാപിക്കുന്നതിന് 67,82,400/- രൂപ അടങ്കലുള്ള പദ്ധതി രൂപീകരിച്ചു. സംസ്ഥാന ശുചിത്വ മിഷൻ അക്രഡിറ്റ് ഏജൻസിയായ IRTC-Project Implementing Unit, Mundur, Palakkad വഴിയാണ് ഈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ളത്. 3 PPCP ( Poly Propylene Co-Polymer) ബിന്നുകൾ, അതിലുപയോഗിക്കാനുള്ള ഇനോക്കുലം അടക്കം സപ്ലൈ ചെയ്യുന്നതിനാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. ഈ സ്ഥാപനവുമായി 29.02.2020 ൽ ഉണ്ടാക്കിയ കരാറനുസരിച്ച് ആകെ പദ്ധതി അടങ്കൽ തുകയായ 67,82,400/- രൂപയുടെ 20% തുക 13,56,480/- രൂപ മുൻകൂറായി ടി സ്ഥാപനത്തിന് 11.04.2020 ൽ നൽകിയിട്ടുണ്ട്. തൻവർഷം വിവിധ തീയതികളിലായി ആകെ 300 ബിന്നുകൾ സപ്ലൈ ചെയ്തതായി സ്ഥാപനം അറിയിക്കുകയും 5,40,000/-രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) 06.03.2020 ലെ സർക്കാർ ഉത്തരവ് (കൈ)നം 45/2020 പ്രകാരം വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് APL/BPL വ്യത്യാസമില്ലാതെ യൂണിറ്റ് കോസ്റ്റിന്റെ 90 % സബ്സിഡി (10% ഗുണഭോക്തൃ വിഹിതം) നല്കാവുന്നതാണ്. പിന്നീട് 06.07.2020ലെ സർക്കാർ ഉത്തരവ് (സാധാ)നം 1337/2020/തസ്വഭവ പ്രകാരം ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതികൾക്ക് അതിൽ അംഗീകരിച്ച നിരക്ക് പ്രകാരം ഇത്തരം പദ്ധതികൾ നിർവ്വഹണം നടത്താമെന്നും, അല്ലാത്തവയ്ക്ക് 06.03.2020 ലെ ഉത്തരവ് ബാധകമാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണത്തിനായി നഗരസഭക്ക് അംഗീകരിച്ച് കിട്ടിയ ഡി.പി.ആർ ൽ ഉൾപ്പെട്ട പദ്ധതിയായിനാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ഡി.പി.ആർ പ്രകാരം 3000 ബയോ പോട്ടുകൾ സ്ഥാപിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ പരമാവധി 3000 പേർക്കാണ് 100% സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഈ പദ്ധതിയിൽ 3678 ബയോ ബിന്നുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുകയും അത്രയും പേർക്കും 100% സബ്സിഡി അനുവദിക്കാനുതകും വിധം തുക വകയിരുത്തുകയും ചെയ്തിരിക്കുന്നു. തൻവർഷം 300 ബയോബിൻ സ്ഥാപിച്ചതിന് തുക നൽകിയിട്ടുമുണ്ട്. മുൻവർഷം സ്ഥാപിച്ചതുൾപ്പെടെ 31.03.2022 വരെ 2700 ബയോബിന്നുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഡി.പി.ആർ.ൽ നിന്നും അധികരിച്ച ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 20.10.2022 ൽ 40ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

2) 12% ജി.എസ്.ടി. അടക്കമുള്ള ബിൽത്തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. 2,50,000/-രൂപയിൽ അധികരിച്ച കരാറായാതിനാൽ 2% ജി.എസ്.ടി. ടി.ഡി.എസ്. ആയി ഈടാക്കേണ്ടതായിരുന്നു. നികുതിയായി ഈടാക്കിയ തുക യഥാസമയം സർക്കാരിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ 2% തുക ടി.ഡി.എസ്. ആയി ഈടാക്കേണ്ടതായിരുന്നു. ടി.ഡി.എസ്. ഈടാക്കാതിരുന്ന സാഹചര്യത്തിൽ, സ്ഥാപനം നികുതി സർക്കാരിലേക്ക് അടവാക്കി, റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലില്ല. ആയത് പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-39 ഡംപിംഗ് യാർഡ് നിർമ്മാണത്തിന് ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഡംപിംഗ് യാർഡ് നിർമ്മാണത്തിന് ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 311/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) ₹6,77,41,137/- രൂപ. , വികസനഫണ്ട്<br>2) ₹1,02,02,863/-രൂപ. , ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക / ബിൽ നം / തീയതി | 1) ₹6,77,41,137/- രൂപ. ബിൽ നം 216 തീ. 19.1.2022<br>2) ₹ 1,02,02,863/- രൂപ. ബിൽ നം 217 തീ.19.1.2022 |

കോതമംഗലം നഗരസഭ ഡംപിംഗ് യാർഡിന്റെ ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി കോതമംഗലം മലയിൻകീഴ് - ജൂഡ് ജോസഫ് പേരിലുള്ള സർവ്വേ നം. 959/ 1 M/2/2 ലുള്ള 1.2343ഹെക്ടർ (3ഏക്കർ 5സെന്റ് സ്ഥലം) ലാന്റ് അക്വിസിഷൻ നടപടികൾ പ്രകാരം കോംപൻസേഷൻ ഇനത്തിൽ 2 കോടി 22 ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽന് ചുവടെ ചേർക്കുന്ന ബില്ലുകൾ മുഖാന്തിരം 2017-18 വർഷം നല്കിയിട്ടുള്ളതാണ്.

1) ₹ 52,00,000/- രൂപ. ബിൽ നം 91/തിയതി 9.10.2018

2) ₹ 37,74,450/- രൂപ. ബിൽ നം 301/തിയതി 17.3.2018

3) ₹ 67,97,137/- രൂപ. ബിൽ നം 302/തിയതി 17.3.2018

4) ₹ 64,28,362/- രൂപ. ബിൽ നം 279/തിയതി 9.3.2018

എന്നാൽ ലാന്റ് അക്വിസിഷൻ നടപടികൾ പ്രകാരം കോംപൻസേഷൻ ഇനത്തിൽ നിശ്ചയിച്ച വില വളരെ കൂടുതലായതിനാൽ നെഗോസിയേഷൻ പ്രകാരം (ഉഭയസമ്മതപ്രകാരം) സ്ഥലം വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചു. ആയതിനാൽ ലാന്റ് അക്വിസിഷൻ നടപടികൾ അവസാനിപ്പിച്ച് തുക നഗരസഭയ്ക്ക് തിരികെ ലഭ്യമാക്കുന്നതിന് തീരുമാനമായി .

എന്നാൽ സ്പഷ്യൽ തഹസിൽദാർ (LA) ജനറൽ- കാക്കനാടിന്റെ പേരിലുള്ളTSB അക്കൌണ്ടിൽ നിന്നും 1 കോടി 70 ലക്ഷം രൂപ സർക്കാർ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി. അതു തിരികെ ഈടാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം സർവ്വേചാർജ്ജിനത്തിൽ ചെലവായ ₹23,000/- കിഴിച്ച് ₹ 1,69,77,000/- സർക്കാർ ഉത്തരവ് (സാ.ധാ)നം. 8180/2021 ധന.തി.16.12.2021 പ്രകാരം നഗരസഭയ്ക്ക് തിരികെ ലഭിച്ചു. ഈ തുക സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽ- കാക്കനാടിന് കൈമാറിയിട്ടുണ്ട്. എന്നാൽ ലാന്റ് അക്വിസിഷൻ നടപടികൾ അവസാനിപ്പിച്ചതിനാൽ ആകെ തുക 2 കോടി 22 ലക്ഷം രൂപയിൽ നിന്നും ₹ 1,90,61,662/- നഗരസഭയ്ക്ക് തിരികെ ലഭിച്ചു.

ഈ വസ്തു ആർജ്ജിക്കൽ നടപടിക്രമത്തിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം രേഖകൾ / വിശദാംശം പരിശോധനയ്ക്ക ഹാജരാക്കിയില്ല :-

1) സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽ -ഓഫീസിൽ നിന്നും നല്കിയ തുക പൂർണ്ണമായി ലഭിക്കാത്തതിനു നിദാനമായിട്ടുള്ളത് RFCTLARR Rule 2015 വകുപ്പ്4 ഉപവകുപ്പ് 10 മുഖേന നിക്ഷേപിച്ച തുകയുടെ 10% വും 5 % കണ്ടിജൻസി ചെലവുമെന്നാണ്. എന്നാൽ ജില്ലാ കളക്ടറുടെ 8.3.2022ലെ C3-8141/2017/DCEKM കത്തിൽ ചേർത്തിട്ടുള്ളത് " ഭൂമി ആവശ്യപ്പെടുന്ന സ്ഥാപനം പണം നല്കുന്നതിൽ വീഴ്ച വരുത്തിയത് മൂലമാണ് വിജ്ഞാപനം റദ്ദാക്കിയതെങ്കിൽ മാത്രമാണ് " നിക്ഷേപിച്ച തുകയുടെ 10%വും 5% കണ്ടിജൻസി ചെലവും കിഴിവ് ചെയ്യാവുന്നത്. അതായത് സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽ ന് ഇതുമായി ബന്ധപ്പെട്ട് പത്രപ്രസിദ്ധീകരണം, സാമൂഹിക ആഘാതം എന്നിവയ്ക്കായി ചെലവായ 2,30,214/-രൂപയും 23,000/- സർവ്വേചാർജ്ജും കിഴിവ് ചെയ്ത് ബാക്കി തുക 28,85,124/- യും (2 കോടി 22 ലക്ഷം - 1,90,61,662 – 2,30,214 – 23,000) തിരികെ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

2) സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള 18 വർഷത്തെ ബാധ്യതാ സർട്ടിഫിക്കറ്റ് (Encumbrance Certificate)

3) വസ്തുവിന്റെ ഉടമസ്ഥാവകാശം ഗവ. പ്ലീഡറെക്കൊണ്ട് പരിശോധിപ്പിച്ചതിന്റെ വിശദാംശം

4) നിലവിലുണ്ടായിരുന്ന ഡംപിംഗ് യാർഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം

5) ഇപ്പോൾ വാങ്ങിയ ഡംപിംഗ് യാർഡ് സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം

6) നെഗോസിയേഷൻ പ്രകാരം (ഉഭയസമ്മതപ്രകാരം) സ്ഥലം വാങ്ങുന്നതിനായി 1,37,25,000/- രൂപയാണ് സ്ഥലമുടമയ്ക്ക് നല്കിയിട്ടുള്ളത്. ആയതു കഴിച്ച് ബാക്കി തുക 82,44,786/-രൂപ ചെലവഴിക്കുന്നതിന് സർക്കാരിന്റെ നിർദ്ദേശം ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിട്ടുള്ള അപാകതകൾ പരിഹരിച്ച് ആർജ്ജിച്ച സ്ഥലങ്ങൾ പോക്കുവരവ് നടപടിക്രമങ്ങൾ നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 17.10.2022ൽ 30ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-40 തങ്കളം ബസ്സ്റ്റാന്റ് -വിസ്തൃതി വർദ്ധിപ്പിക്കൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തങ്കളം ബസ് സ്റ്റാൻഡിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തിന് കോടതി വിധി പ്രകാരമുള്ള തുക നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 6/21-22 |
| അടങ്കൽ തുക / ഫണ്ട് | 11,43,507/- രൂപ. , വികസനഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 11,43,507/- രൂപ. ബിൽ നം 14/തിയതി 2.6.2021 |

കോതമംഗലം നഗരസഭ 2006-07 വർഷം തങ്കളം ബസ്സ്റ്റാന്റിനു സമീപത്തുള്ള എരമല്ലൂർ വില്ലേജിലെ സർവ്വെ നം 380/2ൽ പ്പെട്ട 53 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് 1606/06/ത.സ്വ .ഭ. വ തി. 6.7.2006 നം. ഉത്തരവു ലഭിച്ചിരുന്നതും 26.188 സെന്റ് സ്ഥലം 2006-07 വർഷം 26,97,364/- രൂപയ്ക്ക് വാങ്ങിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 10.56 ആർ (25.99 സെന്റ് ) ബസ്സ്റ്റാന്റിനു വേണ്ടി അക്വയർ ചെയ്യുന്നതിന് കോടതി വിധി പ്രകാരമുള്ള തുക നല്കുന്നതിനായി (ലാന്റ് അക്വിസിഷൻ നടപടികൾക്കുള്ള കോംപൻസേഷൻ തുകയിൽ അധികരിച്ച തുക) 2021-22 വർഷം 11,43,507/- രൂപ നല്കിയിട്ടുണ്ട് . ഫയൽ പ്രകാരം ആകെ 1,86,18,859/- രൂപ 2021-22 വർഷം വരെ ചെലവഴിച്ചിട്ടുണ്ട് .

ഈ വസ്തു ആർജ്ജിക്കൽ നടപടിക്രമത്തിലെ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടു.

1) ഈ വസ്തു ആർജ്ജിക്കലിനായി 2006-07 വർഷം മുതൽ തുകകൾ ചെലവഴിച്ചെങ്കിലും പോക്കുവരവ് ചെയ്ത് നഗരസഭ ആസ്തിയായി മാറ്റിയില്ല. മാത്രമല്ല 2013-14 വർഷം ഒരു ആറിന് 9 ലക്ഷം രൂപ നിരക്കിൽ പൊന്നും വില നിശ്ചയിച്ച് വസ്തു കൈമാറ്റം ചെയ്യുന്നതിന് ബഹു. തഹസിൽദാർ അറിയിച്ച എങ്കിലും നടപടിക്രമം പൂർത്തികരിച്ചില്ല. ആയതിനാലാണ് നഗരസഭയ്ക്ക് വലിയതുക കോടതി ഉത്തരവ് മുഖേന അടവാക്കേണ്ടി വന്നത്. ഇപ്രകാരം കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) 2006-07 വർഷം ആരംഭിച്ച ഈ നടപടിയുടെ ചെലവിനായി ആ കാലയളവിൽ തുക ചെലവഴിച്ചെങ്കിലും വസ്തു പോക്കുവരവ് ചെയ്ത് നഗരസഭ ആസ്തിയായി മാറ്റാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3) ഈ വസ്തു നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

4) 1606/06/ത.സ്വ.ഭ.വ തി. 6.7.2006 നം. ഉത്തരവ് പ്രകാരമാണ് ഈ വസ്തു ആർജ്ജിക്കൽ നടപടിക്രമം ആരംഭിച്ചത് . എന്നാൽ ഉത്തരവ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും വസ്തു ആർജ്ജിക്കൽ നടപടിക്രമം യഥാസമയം പൂർത്തികരച്ച് നഗരസഭ ആസ്തിയായി മാറ്റേണ്ടതുമാണ്. ഇത് സംബന്ധിച്ച് 20.10.2022ൽ 42ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-41 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കോതമംഗലം നഗരസഭ സെക്രട്ടറി 2021-22 വർഷം ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 335/21-22 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 2,78,126/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 604/3.3.2022 |
| 2 | 154/21-22 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 16,66,682/- (ധനകാര്യ ക മ്മീഷൻ ഗ്രാന്റ്) | 578/25.2.22, |
| 3 | 107/21-22 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 29,79,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)628/11.3.22 / ₹15,18,000/-<br>2)769/13.3.22 / ₹3,24000/-<br>3)761/13.3.22 / ₹81,000/-<br>4)739/27.3.22 / ₹4,15000/-<br>5)227/2.2.22 / ₹3,05,200/-<br>6)209/13.1.22 / ₹3,36,000/- |
| 4 | 2/21-22 | IKM വിഹിതം നല്കൽ | 3,00,000/-വികസന ഫണ്ട് | 27/23.6.2021 |
| | | ആകെ | 52,24,008/- | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 52,24,008/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 17.10.2022ൽ 7ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിനിയോഗ സാക്ഷ്യപത്രം സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല എന്നറിയിച്ചു.

## 1-42 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ.

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

നഗരസഭയിലെ 2021-22 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്ക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | മത്തായി ഒ.ജെ. ഓലിയപ്പുറം | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.5.2021 | 6/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 7/2021 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 2 | എ.ജെ പൌലോസ് അറക്കക്കുടിയിൽ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8.6.2021 | 8/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 9/2021 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 3 | കുഞ്ഞപ്പൻ.കെ.എ കാവാട്ടുവാലിൽ ഹൌസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.4.2021 | 12/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 1/2022 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 4 | പി.രവീന്ദ്രൻ . ജയവിലാസം (എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.5.21 | 2/2022 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | ജോസ് .വി.സി വലിയവീട്ടിൽ പറമ്പിൽ (പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.5.21 | 6/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 7/2021 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 6 | പക്കാർ .എ.എ ഇലവുംകുടി (വെങ്ങോല ഗ്രാമ പഞ്ചായത്ത്) | കർഷക ത്തൊഴിലാളി പെൻഷൻ | 5.5.2021 | 8/2022 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 7 | ആലീസ് ചാക്കോച്ചൻ അമ്പാട്ട് (ഇടുക്കി കൊന്നത്തടി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല | 2.5.2021 | 8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത്) | പെൻഷൻ | | | |
| 8 | വർഗ്ഗീസ് കെ.കെ വെട്ടിക്കാട്ടിൽ (എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.4.2021 | 8/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 9/2021 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 9 | മാണി തോമസ് കുവക്കാട്ടിൽ (എറണാകുളം കവളങ്ങാട് ഗ്രാമ പഞ്ചായത്ത്) | കർഷക തൊഴിലാളി പെൻഷൻ | 25.4.2021 | 5/2021 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 6/2021 -8/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 10 | മറിയക്കുട്ടി ജോസഫ് പ്ലാക്കുടിയിൽ (പിണ്ടിമന ഗ്രാമ പപഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1.9.2021 | 8/2022 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് ആക്ടീവായി തുടരുന്നു |

മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ/ കൈമാറുവാൻ സാധിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്ത് തുകതിരികെ ഈടാക്കാത്തതിന് വിശദീകരണം നൽകുവാനും പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ക്രമ നം. 4,5,6,7,8,9,10 എന്നിവയിലെ മറ്റ് പ്രാദേശിക സർക്കാരുകളിൽ ഉൾപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ മരണം സംബന്ധിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചീടാക്കുന്നതു സംബന്ധിച്ചും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.10.2022) ലഭ്യമായ മറുപടിയിൽ ക്രമ നം.1,2,3 ലെ ആക്ടീവായി തുടരുന്ന അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും അധികം കൈപ്പറ്റിയ/ അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ലാത്ത തുകകൾ തിരിച്ചുപിടിച്ച് സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നം. 4,5,6,7,8,9,10 ലെ ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാതു നഗരസഭയിലേക്ക് മെയിൽ അയച്ചുനൽകിയിട്ടുണ്ടെന്നും അറിയിച്ചു.

ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഗരസഭയിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള/നിക്ഷേപിക്കുവാൻ സാധിക്കാത്ത തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കളുടേയും അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

ക്രമ നം.4,5,6,7,8,9,10 ലെ ഉൾപ്പെടെ മറ്റ് പ്രാദേശിക സർക്കാരിന്റെ പരിധിയിൽ വരുന്ന പെൻഷണറുടെ മരണം നഗരസഭയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-43 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു.

1977-78 മുതൽ 2020-21 വർഷം വരെയുള്ള വർഷങ്ങളിൽ ആകെ 39 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 2014-15 മുതൽ 2020-21 വരെയുള്ള അവസാന ഏഴ് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

2013-14, 2014-15

1) നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളിന്മേൽ സേവനനികുതി ചുമത്തി. നെഗറ്റീവ് ലിസ്റ്റിൽപ്പെട്ട കംഫർട്ട് സ്റ്റേഷന്റെ വരവിനത്തിലെ ആകെ തുകയായ 1901000/-ന്റെ സേവനനികുതിയായി 234964/-(12.36%)രൂപ അധികം കേന്ദ്രസർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക നാളിതു വരെയും റീഫണ്ട് ചെയ്ത് നൽകിയിട്ടില്ല. (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-2)

2) പഴയ റോഡ് പാക്കിംഗ് അധിക നിരക്ക് നൽകിയത് കാരണം ഉണ്ടായ നഷ്ടമായ (₹. 5170/-) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-3)

3) മരാമത്ത് പ്രവൃത്തിയിൽ തെറ്റായ നിരക്ക് നൽകിയത് മൂലം, അധിക തുക നൽകിയപ്പോൾ ഉണ്ടായനഷ്ടം(2461/-രൂ) ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടില്ല.(2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-7)

4) വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കാത്തതിനാൽ 1484700/-രൂപ തടസ്സപ്പെടുത്തിയിരുന്നു. തടസ്സം ഒഴിവാക്കുന്നതിന് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. (2013-14,14-15 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-8)

2015-16

5) ഹോസ്പിറ്റലുകളിലെ വേരിഫിക്കേഷൻ റിപ്പോർട്ടുകൾ നഗരസഭയിൽ എത്തിക്കുന്നതിനായി മെസഞ്ചർ ഫീ നൽകിയത് തടസ്സപ്പെടുത്തിയിരുന്നു. (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. 3-4) പരാമർശം പരിഹരിച്ചിട്ടില്ല.

6) പരസ്യ നികുതി പിരിച്ചപ്പോൾ ആദായ നികുതി ഈടാക്കിയിട്ടില്ല. (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. 3-7)പരാമർശം പരിഹരിച്ചിട്ടില്ല.

7) സ്ഥലമെടുപ്പ് കേസുകളിൽ കോടതി വിധി നടപ്പാക്കിയില്ല. ആയതിനാൽ പലിശ ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. (2015-16 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. 3-9)

2016-17

8) വസ്തു നികുതി, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാതിരുന്നത് കാരണം നികുതിയിനത്തിൽ കുറവ് തുകയാണ് ഈടാക്കി അടച്ചിട്ടുള്ളത്(നഷ്ടം2246/-). (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-1)

9) നഗരസഭാ പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ ഉണ്ട്. ആയത് പുനർ നിർണ്ണയിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പരാമർശം തുടരുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-5)

10) പെട്രോൾ പമ്പുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ കുറവ് വന്നിട്ടുള്ളതായി ഖണ്ഡികയിൽ പരാമർശിച്ചിരുന്നു. എന്നാൽ ഈ അപാകത നാളിതു വരെയും പരിഹരിച്ചിട്ടില്ല.(2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-6)

11) വൈദ്യുതി ചാർജ്ജിനത്തിലെ പിഴ തുക തനത് ഫണ്ടിൽ നിന്ന് അടവാക്കിയതിനാൽ 2,873/-രൂപയുടെ ചെലവ് നിരാകരിച്ചിരുന്നു. ഈ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.(2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-2)

12) മാർഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്ത വ്യക്തിയെ പട്ടികയിൽപ്പെടുത്തി വീട് അറ്റകുറ്റപണി(പൊതു വിഭാഗം)യ്ക്കുള്ള ആനുകൂല്യം നൽകിയെന്ന പരാമർശം തീർപ്പാക്കാതെ നിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-3)

13) അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിൽ ടെണ്ടർ നോട്ടീസിൽ ആവശ്യമായ വിവരങ്ങൾ ചേർക്കാതിരുന്നത് അപാകതയാണെന്ന പരാമർശം തീർപ്പാക്കിയിട്ടില്ല. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-5)

14) നഗരസഭ ടൗൺഹാൾ നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഇതു വരെ ആരംഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-11)

15) വെള്ളക്കരം കുടിശ്ശികയിനത്തിൽ അധിക തുക അടയ്ക്കാനുണ്ട്. വാട്ടർ അതോറിറ്റി യാതൊരുവിധ നടപടിയും സ്വീകരിക്കാത്തത് കാരണമാണ് നഗരസഭയ്ക്ക് ഇത്രയും തുക അടയ്ക്കാനുള്ളത്. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-13)

16) പുതുപ്പാടി കുടിവെള്ള പദ്ധതി- മാർഗ രേഖയിൽ പ്രതിപാദിയ്ക്കുന്ന ഗുണഭോക്താക്കളെ കണ്ടെത്തുവാൻ നഗരസഭയ്ക്ക് സാധിച്ചില്ല. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു. (2016-17 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-14)

2017-18

17) അധിക എഫ്എആർ കണക്കാക്കിയതിലെ അപാകത കാരണം പെർമിറ്റ് ഫീസിനത്തിൽ ഡിമാന്റ് ചെയ്തത് കുറഞ്ഞ തുകയാണ്. ഈ പരാമർശത്തിന് മേൽ തുടർ നടപടി സ്വീകരിക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-1)

18) വസ്തു നികുതി (ഗാർഹികം/ഗാർഹികേതരം)കുറവായി നിർണ്ണയിച്ചത് കാരണം നികുതിയിനത്തിൽ കുറവ് തുകയാണ് നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. ഈ പരാമർശത്തിന് മേൽ തുടർ നടപടി സ്വീകരിക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 2-2)

19) തെരുവ് വിളക്ക് പരിപാലനത്തിനായി പദ്ധതി രൂപീകരിച്ച് അനുമതി വാങ്ങുന്നില്ല എന്ന പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-5)

20) തെരുവിളക്കുകൾക്കാവശ്യമായ ട്യൂബ് ലൈറ്റ് വാങ്ങൽ-നിർവ്വഹണത്തിലെ അപാകതകൾ എന്ന ഖണ്ഡികയ്ക്ക് തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-13)
21) നഗരസഭയിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിലെ അപാകതകൾ പരിഹരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-15)
22) BPCL ന് ബിറ്റുമിൻ ലഭ്യമാക്കുന്നതിനായി തുക മുൻകൂറായി അനുവദിച്ചിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-20)
23) വിവിധ കരാറുകാർക്ക് മരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ നൽകിയെങ്കിലും പ്രവൃത്തി ചെയ്യിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-21)
24) വിവിധ കരാറുകാർക്ക് മരാമത്ത് പ്രവൃത്തികൾക്കായി ബിറ്റുമിൻ നൽകിയെങ്കിലും ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയല്ല ചെയ്യിട്ടുള്ളത്. മറ്റ് പ്രവൃത്തികളാണ് ചെയ്യത്. ആയതിനാൽ ബിറ്റുമിന്റെ വില തിരികെ കരാറുകാരിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ മറുപടി ലഭ്യമാക്കാത്തതിനാൽ പരാമർശം തുടരുന്നു. (2017-18 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 3-22)

2018-19

25) വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത കാരണം കുറവ് തുകയാണ് നികുതിയായി നഗരസഭയ്ക്ക് ലഭിച്ചത്. ഈ അപാകത പരിഹരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ പരാമർശം തുടരുന്നു. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-13)
26) നഗരസഭയിലെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങൾ വർഷങ്ങളായി ക്രമവൽക്കരിക്കാത്തതിനാൽ നികുതിയിനത്തിൽ ലഭിക്കേണ്ടതായ തുക നഷ്ടമാകുന്നുണ്ട്. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-14)
27) റഗുലറൈസേഷൻ അപേക്ഷകളിന്മേൽ നടപടി വൈകുന്നത് കാരണം വരുമാനയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുക നഷ്ടമാകുന്നു. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-15)
28) മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. ആയതിനാൽ അനധികൃത നിർമ്മാണം നടക്കുന്നുണ്ടോയെന്ന കാര്യത്തിൽ അവ്യക്തത തുടരുന്നു. ഈ പരാമർശത്തിന്മേൽ മറുപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-16)
29) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ വെള്ളക്കരം കുടിശ്ശികയാണ്. വാടകക്കാരിൽ നിന്നും തുക ലഭിക്കാതിരുന്നത് കാരണമാണ് കുടിശ്ശിക വന്നത്. ഈ പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക. 1-22)
30) പൊതു ടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക തുക നാളിതു വരെയും ക്രമീകരിച്ചിട്ടില്ല. ഈ പരാമർശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. (2018-19 ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക 1-23)

2019-20

31) തെറ്റായ ഉപയോഗക്രമം നൽകി വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ പ്രതിവർഷം 28873 രൂപ വീതവും 2020 വരെ 157693 രൂപയും വസ്തുനികുതിയിനത്തിൽ നഷ്ടം വരുന്നുവെന്ന പരാമർശം തീർപ്പായിട്ടില്ല. (ഖണ്ഡിക 1-12)
32) തെറ്റായ മേഖലാ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചത് മൂലം 2020 വരെ 13,501/- രൂപ വസ്തുനികുതി നഷ്ടം സംഭവിച്ചുവെന്ന പരാമർശം നിലനിൽക്കുന്നു.(ഖണ്ഡിക 1-13)
33) റസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാതെ വാട്ടർ അതോറിറ്റിക്ക് റോഡ് കട്ടിംഗ് അനുമതി നൽകിയെന്ന പരാമർശം തീർപ്പാക്കിയിട്ടില്ല.(ഖണ്ഡിക 1-17)
34) മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച 1-27 മുതൽ 1-33 വരെയുള്ള ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും തുടരുകയാണ്.

2020-21

35) വസ്തുനികുതി സംബന്ധിച്ച 1-11 മുതൽ 1-11-3 വരെയുള്ള ഖണ്ഡികകളിലെ പരാമർശങ്ങൾ തീർപ്പായിട്ടില്ല.
36) വാണിജ്യ കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ലെന്ന പരാമർശം നിലവിലും തുടരുകയാണ്.(ഖണ്ഡിക നമ്പർ 1-16)
37) മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഖണ്ഡിക നമ്പർ 1-23, 1-25, 1-26, 1-27, 1-28, 1-29 എന്നീ ഖണ്ഡികകൾ തീർപ്പാക്കിയിട്ടില്ല.
38) മോഡുലാർ ടോയ്‌ലെറ്റ് നിർമ്മാണം-നിരക്ക് നിശ്ചയിച്ചതിന് ആധികാരികതയില്ലെന്ന പരാമർശം മറുപടി ഹാജരാക്കി തീർപ്പാക്കിയില്ല. (ഖണ്ഡിക നമ്പർ 1-34)
39) വീടുകളിൽ ബയോകമ്പോസ്റ്റർ ബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചതിലെ അപാകത ഖണ്ഡിക നമ്പർ 1-35, 1-36 എന്നീ ഖണ്ഡികകളിൽ പരാമർശിച്ച അപാകത നിലവിലും പരിഹരിച്ച് തീർപ്പാക്കിയിട്ടില്ല.
അവസാന ഏഴ് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തെറ്റായ നികുതി നിർണ്ണയം മൂലം വസ്തുനികുതിയിൽ 1571/- രൂപ നഷ്ടം

നഗരസഭയിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ സർവ്വേ നം. 551/16 ഉൾപ്പെടുന്ന മത്തായി & അമ്മിണി എന്നിവരുടെ 28.57 M2 വിസ്തൃതിയുള്ള 1/38(B) എന്ന വാണിജ്യാവശ്യത്തിനുള്ള സോഡാമെയ്ക്കിംഗ് യൂണിറ്റിന് ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനു പകരം പകരം 15/- രൂപ നിരക്കിൽ 429/- രൂപയാണ് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയത്. തൻമൂലം താഴെപ്പറയും വിധം വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് :-

| ഈടാക്കിയ തുക (15/- രൂപ നിരക്കിൽ) (രസീത് നമ്പർ 121040103561 തീയതി 16.08.2021) | ഈടാക്കേണ്ടത് (70/- രൂപ നിരക്കിൽ) | കുറവ് |
|---|---|---|
| 429/- | 2,000/- | 1,571/- |

ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 21.10.2022 ലെ 47ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിടം വാണിജ്യ ആവശ്യത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മാറ്ററിന് 70/- രൂപ നിരക്കിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 2021-22ഓഡിറ്റിനോടൊപ്പമാണ് വാർഷിക കണക്കുകൾ പരിശോധിച്ചത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ നമ്പർ/ തീയതി / തുക | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ 154/21-22 | 1)628/11.3.22 തുക ₹15,18,000/-<br>2)769/13.3.22 തുക ₹3,24000/-<br>3)761/13.3.22 തുക ₹81,000/-<br>4)739/27.3.22 തുക ₹4,15000/-<br>5)227/2.2.22 തുക ₹3,05,200/-<br>6)209/13.1.22 തുക ₹3,36,000/- | 29,79,200/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 0 | 29,79,200/- |
| | ആകെ | | 29,79,200/ | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 578/25.2.22, | 16,66,682/- (ധനകാര്യ | 0 | 16,66,682/- |

| | | | | | |
|---|---|---|---|---|---|
| ബോർഡ് | 154/21-22 | | കമ്മീഷൻ ഗ്രാന്റ്) | | |
| ---"--- | സ്റ്റീറ്റ് ലൈൻ വലിക്കൽ 335/21-22 | 604/3.3.2022 | 2,78,126/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 0 | 2,78,126/- |
| ആകെ | | | 19,44,808 | | - |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

| ഉത്തരവ് | ലൈഫ്/ പി.എം.എ.വൈ ലോൺ തുക | | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ഉണ്ടായിരുന്ന തുക | തൻവർഷ വരവ് | ആകെ തിരിച്ചടക്കുവാനുള്ള തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ജി.ഒ. (എം.എസ്.) നം. 68/2018/ എൽ.എസ്. ജി.ഡി. തീയതി 18-5-2018 | ഹഡ്കോ | 69920000 | 58826667 | 13280000 | 72106667 | 5546667 | 0 | 66560000 |

4-6 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100 രൂപ വീതം മുഖവിലയുള്ള 645 ഓഹരികൾ കൈവശമുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64,500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 64,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64,500 |

4-7 ഓഡിറ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാ |

| | | | | |
|---|---|---|---|---|
| | | | | കാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |
| 2016-2017 | 3-11 | 2017-18 | നഗരസഭ ടൌൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാദ്ധ്യത 83,61,108/-രൂപ. നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിന് ശേഷവും ആരംഭിച്ചിട്ടില്ല | നടപടികൾ സ്വീകരിച്ചു വരുന്നു |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27,74,97,849.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27,98,00,729.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,571.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,84,708.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്.)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,571 | | ശ്രീ അൻസൽ ഐസക്ക്, സെക്രട്ടറി |
| ആകെ | 1,571 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 77,563 /- | ഡോ.അഞ്ജലി എൻ. യു., സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-26-1 | 1,78,789/- | ഡോ.സജി ജോൺ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-28 | 4,348/- | മുംതാസ്.എം.എസ്., ICDS സൂപ്പർവൈസർ, കോതമംഗലം നഗരസഭ |
| 1-41 | 52,24,008/- | അൻസൽ ഐസക്, സെക്രട്ടറി |
| ആകെ | 54,84,708/- | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി മുംതാസ് എം. എസ്.<br>ICDS സൂപ്പർവൈസർ<br>കോതമംഗലം നഗരസഭ | ICDSസൂപ്പർവൈസർ<br>കോതമംഗലം നഗരസഭ | വട്ടക്കുടി (H), ഏളംപ്ര<br>നെല്ലിക്കുഴി P O<br>കോതമംഗലം |
| ഡോ അഞ്ജലി എൻ. യു.<br>സൂപ്രണ്ട്, താലൂക്ക് ആശുപത്രി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി,<br>കോതമംഗലം | ഞാളൂപ്പടി,<br>കുറുപ്പംപടി |
| ശ്രീ അൻസൽ ഐസക്<br>സെക്രട്ടറി | സെക്രട്ടറി,<br>കോതമംഗലം നഗരസഭ | പനംപിള്ളിൽ<br>കോലാനി<br>തൊടുപുഴ |
| ഡോ.സജി ജോൺ,<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ),<br>കോതമംഗലം | ഐക്കനാട്ട്,<br>മുളന്തുരുത്തി പി ഒ,<br>എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 Dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 Dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 Dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 Dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 Dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 Dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 Dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 Dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 Dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 Dt.4.2.2003 |
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 Dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 Dt.19.12.2005 |
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 Dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 Dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 Dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 Dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 Dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 Dt.7.11.2014 |

| | |
|---|---|
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , Dt. 26.08.15 |
| 2013-14,2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , Dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , Dt. 08.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1)1776/2017 , Dt. 19.09.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം1)301/2019 , Dt. 19.03.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(എം2)1969/2019, Dt. 13.02.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(എം1)725/22, Dt. 20.07.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(എം1)1404/22, Dt. 12.8.2022 |

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്